2019
ഓഗസ്റ്റ് 5

ക്രിസ്ത്യൻ ഫോക്കസ്
CHRISTIAN FOCUS
A Christian News Magazine

പേജ് 8

വാല്യം 4 ലക്കം 8 | കോട്ടയം | News Paper Reg. (RNI) No. KERMAL/2015/68940

# ക്രൈസ്തവർ ദിനംപ്രതി കൊല്ലപ്പെടുന്നു: ഹംഗറി വിദേശകാര്യ മന്ത്രി

**വാഷിങ്ടൺ:** ക്രിസ്തീയ വിശ്വാസം മൂലം ലോകമെമ്പാടും കുറഞ്ഞത് 11 പേരെങ്കിലും ദിവസവും കൊല്ലപ്പെടുന്നുണ്ടെന്നു ഹംഗേറിയൻ വിദേശകാര്യ മന്ത്രി പീറ്റർ സിജ്ജാർട്ടോ. യു.എസ്. സ്റ്റേറ്റ് സെക്രട്ടറി മൈക് പോംപിയോയുടെ ആതിഥേയത്വത്തിൽ ജൂലൈ 18-നു വാഷിങ്ടൺ ഡി.സിയിൽ നടന്ന മതസ്വാതന്ത്ര്യത്തിനായുള്ള പ്രത്യേക സമ്മേളനത്തിൽ പ്രസംഗിക്കുമ്പോഴാണു അദ്ദേഹം ഇക്കാര്യം സൂചിപ്പിച്ചത്. യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് രണ്ടാമത് നടത്തിയ മന്ത്രിതല യോഗമായിരുന്നു (മിനിസ്റ്റീരിയൽ ടു അഡ്വാൻസ് റിലീജിയസ് ഫ്രീഡം കോൺഫറൻസ്) ഇത്. മതങ്ങളെയും മതവിശ്വാസികളെയും പീഡിപ്പിക്കുന്നത് ഇന്ന് ലോകത്തിൽ ഏറ്റവും വലിയ സുരക്ഷാ വെല്ലുവിളികളിലൊന്നായി ഉയർന്നിരിക്കുന്നു. മതത്തിന്റെയോ വിശ്വാസത്തിന്റെയോ പേരിൽ പീഡിപ്പിക്കപ്പെടുന്ന 80 ശതമാനം ആളുകളും ക്രൈസ്തവരാണ്. അവരിൽ 245 ദശലക്ഷം പേർക്ക് കഴിഞ്ഞ വർഷം ഏതെങ്കിലും തരത്തിലുള്ള ഉപദ്രവങ്ങൾ നേരിടേണ്ടി വന്നു. കൂടാതെ 1200 ക്രിസ്ത്യൻ പള്ളികൾ ആക്രമിക്കപ്പെടുകയോ നശിപ്പിക്കപ്പെടുകയോ ചെയ്തിട്ടുണ്ട്. പീഡിപ്പിക്കപ്പെടുന്ന ക്രിസ്ത്യാനികളിൽ ഭൂരിപക്ഷവും മിഡിൽ ഈസ്റ്റിലും ആഫ്രിക്കയിലുമുള്ളവരാണ്. തങ്ങളുടെ രാജ്യത്തുള്ള ക്രൈസ്തവരോടു മാത്രമല്ല പീഡനമേൽക്കുന്ന ലോകത്തെങ്ങുമുള്ള ക്രൈസ്തവരോടും തങ്ങൾക്ക് ഉത്തരവാദിത്തമുണ്ടെന്നും പീറ്റർ സിജ്ജാർട്ടോ പറഞ്ഞു. വിവിധ ആവശ്യങ്ങളിൽ ബുദ്ധിമുട്ടുകയും വിവേചനം അനുഭവിക്കുകയും ചെയ്യുന്ന മിഡിൽ ഈസ്റ്റേൺ, ആഫ്രിക്കൻ ക്രിസ്ത്യൻ സമുദായങ്ങളെ പിന്തുണക്കുന്നതിന്റെ ഭാഗമായി പള്ളികളുടെ നവീകരണത്തിനും (ലിബിയയിലെ 33 പള്ളികൾ) സിറിയയിലെ 3 ക്രിസ്ത്യൻ ആശുപത്രികളുടെ പ്രവർത്തനങ്ങൾക്കുമായി ഹംഗറി അടുത്ത കാലത്തായി 36.5 ദശലക്ഷം ഡോളർ ചെലവഴിച്ചു.

ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിനെക്കുറിച്ചും മുഖ്യധാരാ യൂറോപ്യൻ നയങ്ങളെക്കറിച്ചും പരസ്യമായി സംസാരിക്കാൻ അന്താരാഷ്ട്ര സംഘടനകൾ മടിക്കുന്നത് ഖേദകരമാണെന്നും രാഷ്ട്രീയ വരേണ്യവർഗ്ഗങ്ങൾ ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നത് വിവേചനത്തിന്റെയും ക്രൈസ്തവ വിരുദ്ധതയുടെയും അവസാന രൂപമാണെന്നും സിജ്ജാർട്ട് പറഞ്ഞു.



അമേരിക്ക മുൻകൈ എടുത്ത് ഹംഗറി, പോളണ്ട്, ഇറ്റലി, ഗ്രേറ്റ് ബ്രിട്ടൻ തുടങ്ങിയ രാജ്യങ്ങളും അന്താരാഷ്ട്ര സംഘടനകളും ചേർന്ന് ക്രൈസ്തവ പീഡനങ്ങൾക്കെതിരെ നടപടികളെടുക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും പീറ്റർ സിജ്ജാർട്ടോ പ്രസ്താവിച്ചു.



ഐ.ആർ.എ. മാസയോഗത്തിൽ പാസ്റ്റർ പി.സി. ജേക്കബ് പ്രസംഗിക്കുന്നു.

# ഇന്ത്യാ റിവൈവൽ അസ്സംബ്ലി മാസയോഗം

**വാഴൂർ:** ഇന്ത്യ റിവൈവൽ അസ്സംബ്ലി സഭകളുടെ മാസയോഗം 15-ാം മൈൽ സഭയിൽ വച്ച് ജൂലൈ 13 ശനിയാഴ്ച നടന്നു. പാസ്റ്റർ സാബു എം. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ജോബ് ചാക്കോ സങ്കീർത്തനം വായിച്ചു പ്രബോധിപ്പിച്ചു. പാസ്റ്റർമാരായ ഒ.എം. ജോർജ്ജ്, പി.എം. ജോസഫ്, ജേക്കബ് ദാനിയേൽ, ജേക്കബ് ജോർജ്ജ്, ഇവാ. പി.സി. തോമസ്, ഇവാ. എം.ജെ. ചാക്കോ എന്നിവർ സംസാരിച്ചു. 15-ാം മൈൽ സഭയെ പ്രതിനിധീകരിച്ച് സഹോദരന്മാരായ കെ.ജെ. ബെന്നി, പി.എ. ചാക്കോ എന്നിവർ സംസാരിച്ചു. ഐ.ആർ.എ ജനറൽ സെക്രട്ടറി പാസ്റ്റർ പി.സി. ജേക്കബ് മുഖ്യ സന്ദേശം നൽകി. ദൈവശബ്ദം കേട്ട് മുമ്പോട്ടു നീങ്ങുന്ന ഓരോ വ്യക്തിയുടേയും കാര്യങ്ങൾ പൂർണ്ണമായി ദൈവം നോക്കിക്കൊള്ളുമെന്ന് ഉല്പത്തി 22:8 ആസ്പദമാക്കി സംസാരിച്ചു. വിശ്വാസികളുടെ ജീവിതത്തിനുനേരെ അടിക്കുന്ന ചില കാറ്റുകളെക്കുറിച്ചും വിശദീകരിച്ചു. മാസയോഗാനന്തരം ഐ.ആർ.എ. ട്രസ്റ്റ് മീറ്റിംഗും വർക്കേഴ്സ് മീറ്റിംഗും നടത്തപ്പെട്ടു.

## വചന പ്രഘോഷണവും സംഗീത വിരുന്നും

**വയനാട്:** സുൽത്താൻ ബത്തേരി അസംബ്ലീസ് ഓഫ് ഗോഡ് ചർച്ചിൽ ഓഗസ്റ്റ് 30,31 സെപ്റ്റംബർ 1 തീയതികളിൽ പകലും വൈകിട്ടുമായി ദെവവചന പ്രഘോഷണവും സംഗീത വിരുന്നും നടക്കും. റവ. ടി.ജെ. സമുവേൽ (പുനലൂർ) വചനം പ്രസംഗിക്കും. ഫോൺ: 9495641161.



റവ. ടി.ജെ. സമുവേൽ

# കൽപ്പറ്റ പാസ്റ്റേഴ്സ് ഫെലോഷിപ്പ്
## പാസ്റ്റർ പി.സി. ജേക്കബ് പ്രസിഡന്റ്, പാസ്റ്റർ ടി.എം. രാജീവ് സെക്രട്ടറി



പി.സി. ജേക്കബ്



പോൾ മാത്യു



ടി.എം. രാജീവ്



രമേഷ്



ജോർജ് പൗലൊസ്



ബേബി ജോൺ



തോമസ് കുട്ടി



സോളമൻ സെൽവരാജ്



മാധവൻ



ചെറിയാൻ

**വയനാട്:** കൽപ്പറ്റ പാസ്റ്റേഴ്സ് ഫെലോഷിപ് 2019-'20 കാലയളവിലേക്കുള്ള ഭരണസമിതിയംഗങ്ങളെ തിരഞ്ഞെടുത്തു. പാസ്റ്റർമാരായ പി.സി. ജേക്കബ് (പ്രസിഡന്റ്), പോൾ മാത്യു (വൈസ്പ്രസിഡന്റ്), ടി.എം.രാജീവ് (സെക്രട്ടറി), രമേഷ് (ജോയിന്റ് സെക്രട്ടറി), ജോർജ് പൗലൊസ് (ട്രഷറർ), ബേബി ജോൺ, തോമസ് കുട്ടി, സോളമൻ സെൽവരാജ്, മാധവൻ (കമ്മിറ്റി അംഗങ്ങൾ) എന്നിവരാണ് കെപിഎഫ് പുതിയ ഭാരവാഹികൾ. പാസ്റ്റേഴ്സ് പി.സി.ജേക്കബ്, ജോർജ് പൗലോസ് എന്നിവർ തുടർച്ചയായി രണ്ടാം തവണയാണ് തൽസ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നത്. പാസ്റ്റർ ടി.എം.രാജീവ് മുമ്പും സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പാസ്റ്റർ പി.സി.ജേക്കബ് ഇൻഡ്യാ റിവൈവൽ അസംബ്ലി ചർച്ച് ജനറൽ സെക്രട്ടറിയും ഐ.ആർ.എ. കടൽമാട് സഭയുടെ സീനിയർ ശുശ്രൂഷകനും ഹോസ്പിറ്റൽ മിനിസ്ട്രീസ് ഇൻഡ്യ കൽപ്പറ്റ ചാപ്റ്റർ പ്രസിഡന്റുമാണ്. വൈസ്പ്രസിഡന്റ് പാസ്റ്റർ പോൾ മാത്യു മേപ്പാടിക്കടുത്ത് കാപ്പംകൊല്ലി ചർച്ച് ഓഫ് ഗോഡ് സഭാ ശുശ്രൂഷകനാണ്. സെക്രട്ടറി പാസ്റ്റർ ടി.എം. രാജീവ് തോമാട്ടുചാൽ ഫുൾ ഗോസ്പൽ പെന്തക്കോസ്തൽ ചർച്ചിലും ട്രഷറർ പാസ്റ്റർ ജോർജ് പൗലോസ് കൽപ്പറ്റ പാറയ്ക്കൽ മലങ്കര ക്രിസ്ത്യൻ ചർച്ചിലും ശുശ്രൂഷിക്കുന്നു ജൂലൈ 28-നു 3 മണിക്ക് പാസ്റ്റർ പി.

ശേഷം 2-ാം പേജിൽ




# പെന്തെക്കോസ്ത് കോൺഫ്രൻസിന് അനുഗ്രഹ സമാപ്തി

**മയാമി:** നോർത്ത് അമേരിക്കയിൽ നടക്കുന്ന സൗത്ത് ഏഷ്യൻ കമ്മ്യൂണിറ്റിയിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് മഹാസമ്മേളനമായ പി.സി.എൻ.എ.കെ. യുടെ 37-ാമത് സമ്മേളനം ജൂലൈ 4-7 വരെ മയാമിയിൽ നടന്നു. ദേശീയ കൺവീനർ റവ. കെ.സി. ജോൺ ഉദ്ഘാടനം ചെയ്തു. റവ. സാം തോമസ് അദ്ധ്യക്ഷത വഹിച്ചു.

സിസ്റ്റർ ഷാരൻ കിംങ്സ്, ഡോ. റ്റോം ഫിലിപ്പ് എന്നിവരുടെ നേതൃത്വത്തിലുള്ള സാഷണൽ മ്യൂസിക് ക്വയർ ടീം ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകി. നാഷണൽ ക്വയർ ടീം സാബി കോശി, സാജൻ തോമസ് എന്നിവർ സംഗീത ശുശ്രൂഷകൾ നിയന്ത്രിച്ചു. സിസ്റ്റർ സൂസൻ ബി. ജോൺ രചിച്ച തീം സോംങ് ഉദ്ഘാടന സമ്മേളനത്തിൽ ആലപിച്ചു. പാസ്റ്റർമാരായ മാത്യു വർഗ്ഗീസ്, ജെയ്മോൻ ജേക്കബ് എന്നിവർ പ്രാർത്ഥന നയിച്ചു. ഡാനിയേൽ കുളങ്ങര സ്വാഗതം ആശംസിച്ചു. പാസ്റ്റർ ജോർജ്ജ് പി. ചാക്കോ സങ്കീർത്തനം വായിച്ചു. ഒന്നാം ദിനം പാസ്റ്റർ പ്രിൻസ് തോമസ്, പാസ്റ്റർ ഷാജി ഡാനിയേൽ എന്നിവർ മുഖ്യ പ്രഭാഷണം നടത്തി. പാസ്റ്റേഴ്സ് സെമിനാറിൽ റവ. ജോർജ്ജ് വർഗ്ഗീസ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ റോയി ചെറിയാൻ, ബേബി കടമ്പനാട് എന്നിവർ പ്രസംഗിച്ചു.

സഹോദരീ സമ്മേളനത്തിൽ സിസ്റ്റർ അനു ചാക്കോ അദ്ധ്യക്ഷയായിരുന്നു. സഹോദരിമാരായ ആൻസി സന്തോഷ്, തങ്കമ്മ ജോൺ, സൂസൻ ബി. ജോൺ, ഷേർളി ചാക്കോ, അന്നമ്മ നൈനാൻ, ഷീബാ ചാൾസ്, സുനിത റോസ്ബന്റ്, ഡോ. ജോളി ജോസഫ്, ആൻസി ജോർജ്ജ് ആലപ്പാട്ട്, ഡോ. ജൂലി തോമസ്, അക്കാമ്മ ജെയിംസ് തുടങ്ങിയവർ പ്രസംഗിച്ചു.

വെള്ളിയാഴ്ച നടന്ന രാത്രി യോഗത്തിൽ പാസ്റ്റർമാരായ ജോ ജോൺസൺ, ബാബു ചെറിയാൻ, റെജി ശാസ്താംകോട്ട എന്നിവർ മുഖ്യപ്രഭാഷണം നടത്തി. നാഷണൽ ട്രഷറാർ ബിജു ജോർജ്ജിന്റെയും സാം മാത്യുവന്റെയും ചുമതലയിൽ ബൈബിൾ ക്വിസ്സ് മത്സരം നടന്നു.

ശനിയാഴ്ച നടന്ന രാത്രി യോഗത്തിൽ ജോർജ്ജ് മത്തായി സി.പി.എ. അനുഭവ സാക്ഷ്യം പ്രസ്താവിച്ചു. പാസ്റ്റർമാരായ പി.എസ്. ഫിലിപ്പ്, ചർച്ച് ഓഫ് ഗോഡ് ജനറൽ ഓവർസിയർ റവ. ഡോ. ടിം ഹിൽ എന്നിവർ മുഖ്യ പ്രഭാഷണം നടത്തി. ഞായറാഴ്ച നടന്ന സംയുക്ത സഭായോഗത്തിൽ റവ. തോമസ് കോശി അദ്ധ്യക്ഷനായിരുന്നു.

കർതൃമേശയ്ക്ക് നാഷണൽ കൺവീനർ റവ. കെ.സി. ജോൺ മുഖ്യ കാർമ്മീകത്വം വഹിച്ചു. റവ. ഡോ. വത്സൻ ഏബ്രഹാം, റവ. ഡോ. ബേബി വർഗ്ഗീസ്, പാസ്റ്റർ ബാബു ചെറിയാൻ എന്നിവർ ദൈവവചന സന്ദേശം നൽകി. പാസ്റ്റർ കെ.എം. തങ്കച്ചൻ ആശീർവാദപ്രാർത്ഥന നടത്തി.


ലാലു തോമസ്



ജെയിംസ് കെ. തോമസ്

# ചർച്ച് ഓഫ് ഗോഡ് കേരള റീജിയിൻ ഗവേണിംഗ് ബോഡി അംഗങ്ങൾ

**പാക്കിൽ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ ഉന്നത അധികാര ഭരണസമിതിയായ ഗവേണിംഗ് ബോഡിയിലേക്ക് സഭയുടെ കേരള റിജിയൻ പ്രതിനിധികളായി പാസ്റ്റർമാരായ ലാലു തോമസ്, ജെയിംസ് കെ. തോമസ് എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. 2019-'21 കാലയളവിലേക്കാണ് നിയമനം. ചെന്നൈയില നാഷനൽ ഹെഡ്ക്വാർട്ടേഴ്സിൽ ജൂൺ 27-നു നടന്ന ഇന്ത്യയിലെ 8 റീജിയനുകളിലെ ഓവർസീയർമാരും ഗവേണിംഗ് ബോഡി അംഗങ്ങളും പാസ്റ്റർമാരും സഭാ പ്രതിനിധികളും പങ്കെടുത്ത ജനറൽ ബോഡി യോഗത്തിലാണ് തിരഞ്ഞെടുപ്പ് നടന്നത്.

# ശാരോൻ റൈറ്റേഴ്സ് ഫോറം അമേരിക്കൻ ചാപ്റ്റർ









**ഡാളസ്:** ശാരോൻ ഫെലോഷിപ് സഭയുടെ റൈറ്റേഴ്സ് ഫോറം അമേരിക്കൻ ചാപ്റ്റർ നിലവിൽ വന്നു. നോർത്ത് അമേരിക്കൻ ശാരോൻ സഭകളുടെ 17-ാമത് കോൺഫറൻസിനോടനുബന്ധിച്ച് ജൂലൈ 13-നു നടന്ന സമ്മേളനത്തൽ സഭാ ജനറൽ പ്രസിഡന്റ് റവ. ജോൺ തോമസ് ഉദ്ഘാടനം ചെയ്തു. എഴുത്തുകാരുടെ രചനകൾ വിശ്വാസ സമൂഹത്തിന്റെ ആത്മീയ വർദ്ധനയ്ക്ക് പ്രചോദനമാകണമെന്ന് അദ്ദേഹം പ്രസ്താവിച്ചു. ബ്രദർ ജോൺസൺ ഉമ്മൻ അദ്ധ്യക്ഷത വഹിച്ചു. വിമർശനാത്മക രചനകൾ മറ്റുള്ളവരെ തളർത്തുകയല്ല, പ്രത്യുത കൈപിടിച്ചു ഉയർത്തുന്നതാകണം എന്ന് ജോൺസൺ ഉമ്മൻ അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. കെ.എൻ.റസ്സൽ (ക്രൈസ്തവ ചിന്ത പത്രാധിപർ) മുഖ്യ പ്രഭാഷണം നടത്തി. അപ്പൊസ്തലനായ പൗലോസിന്റെ ലേഖനങ്ങളെ ചൂണ്ടിക്കാട്ടി, പ്രസംഗങ്ങളെക്കാൾ എഴുത്തുകൾക്കുള്ള മൂല്യത്തെക്കുറിച്ച് അദ്ദേഹം സംസാരിച്ചു. മൂല്യച്യുതികൾക്കെതിരെ എഴുതുമ്പോൾ വ്യക്തികൾക്കെതിരെയല്ല മറിച്ച് ആശയങ്ങളെയാണ് ഖണ്ഡിക്കേണ്ടത് എന്നും അദ്ദേഹം പറഞ്ഞു. പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ (ഹാലേലൂയ്യ പത്രാധപർ), പാസ്റ്റർ സി.പി. മോനായി (സുഭാഷിതം), എഴുത്തുകാരനും പ്രസംഗകനുമായ പാസ്റ്റർ തോമസ് മാമ്മൻ തുടങ്ങിയവർ ആശംസകൾ അറിയിച്ചു. റൈറ്റേഴ്സ് ഫോറത്തിന്റെ അടുത്ത രണ്ടു വർഷത്തേക്കുള്ള ഭാരവാഹികളെയും യോഗത്തിൽവച്ച് തിരഞ്ഞെടുത്തു. ജോൺസൺ ഉമ്മൻ (പ്രസിഡന്റ്), ഫിന്നി കുരുവിള (സെക്രട്ടറി), റോയി ഏബ്രഹാം (ട്രഷറർ), പാസ്റ്റർമാരായ ബാബുതോമസ്, തേജസ് തോമസ് (മെമ്പേഴ്സ്) എന്നിവരാണു പുതിയ ഭാരവാഹികൾ.

# പാസ്റ്റേഴ്സ് ഫെലോഷിപ് യോഗം

**വയനാട്:** കൽപ്പറ്റ പാസ്റ്റേഴ്സ് ഫെലോഷിപ് പ്രാർത്ഥനാ യോഗം ജൂൺ 11-നു രാവിലെ 10 മണിക്ക് വടുവൻചാലിനു സമീപം തോമാട്ടുചാൽ വ്യാപാര ഭവൻ ഹാളിൽ നടന്നു. കെപിഎഫ് പ്രസിഡന്റ് പാസ്റ്റർ പി.സി. ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ വർഗീസ് പി. ജോസഫ് വചനം പ്രസംഗിച്ചു. പാസ്റ്റർ സാംകുട്ടി പ്രാർത്ഥനാ സെഷനു നേതൃത്വം നൽകി. ജോയിന്റ് സെക്രട്ടറി പാസ്റ്റർ റ്റി.എം. രാജീവ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. തോമാട്ടുചാലിൽ പാസ്റ്റർ റ്റി.എം. രാജീവ് ശുശ്രൂഷിക്കുന്ന സഭാഹാൾ സുവിശേഷ വിരോധികളുടെ എതിർപ്പുമൂലം അധികൃതർ അടപ്പിച്ചതിനാൽ മാസങ്ങളായി വ്യാപാര ഭവൻ ഹാളിലാണ് ആരാധനാ യോഗങ്ങൾ നടക്കുന്നത്.

# ഗോസ്പൽ ഇൻ ആക്ഷൻ ഫെലോഷിപ് ഭാരവാഹികൾ








**പെരുമ്പാവൂർ:** സമൂഹത്തിൽ അവഗണിക്കപ്പെട്ടു കിടക്കുന്ന ആളുകളെ ആത്മീയമായും ഭൗതികമായും ഉദ്ധരിക്കുക എന്ന ലക്ഷ്യത്തോടെ 1982-ൽ ആരംഭിച്ച ഗോസ്പൽ ഇൻ ആക്ഷൻ ഫെലോഷിപ്പിന്റെ പുതിയ ഭരണ സമിതിയംഗങ്ങളെ തിരഞ്ഞെടുത്തു. പാസ്റ്റർ കെ.ജെ.മാത്യു ആണ് രക്ഷാധികാരി. പാസ്റ്റർമാരായ പി.ഒ.ഏലിയാസ് (ഡയറക്ടർ), സുരേഷ് കീഴൂർ (പ്രസിഡന്റ്), പി.വി.ഐസക് (വൈസ് പ്രസിഡന്റ്), പി.ഡി.ദാസ് (ജനറൽ സെക്രട്ടറി), ബ്രദർ ലൈജു ജോർജ് (ട്രഷറർ), പാസ്റ്റർ പി.ബി. മാത്യു (അഡ്മി. സെക്രട്ടറി), ജിത്തു ചന്ദ്രമോഹനൻ, സുവി. തമ്പി മാത്യു, സുരേഷ് കുമാർ, സുവി. പി.ജെ. ജോൺ, സിസ്റ്റർ തങ്കമ്മ ജോൺ തുടങ്ങിയവരാണ് മറ്റ അംഗങ്ങൾ. പാസ്റ്റർ പി.ഒ.ഏലിയാസ് അധ്യക്ഷത വഹിച്ചു.

## കൽപ്പറ്റ പാസ്റ്റേഴ്സ് ഫെലോഷിപ് 1-ാം പേജിൽനിന്നും തുടർച്ച

സി.ജേക്കബിന്റെ അദ്ധ്യക്ഷതയിൽ കൽപ്പറ്റ ഐപിസി പ്രെയർ സെന്ററിൽ ചേർന്ന കെപിഎഫ് ജനറൽ ബോഡി യോഗത്തിലാണ് തിരഞ്ഞെടുപ്പ് നടന്നത്. പാസ്റ്റർ ചെറിയാനെ കെപിഎഫ് രക്ഷാധികാരിയായും തിരഞ്ഞെടുത്തു. പാസ്റ്റർ സാബു ഏബ്രഹാം (കെപിഎഫ് മുൻ സെക്രട്ടറി) വാർഷിക റിപ്പോർട്ടും പാസ്റ്റർ ജോർജ് പൗലൊസ് കണക്കും അവതരിപ്പിച്ചു. പാസ്റ്റർ പോൾ മാത്യു തിരഞ്ഞെടുപ്പ് പ്രകിയയ്ക്ക് നേതൃത്വം നൽകി. ഓഗസ്റ്റ് 15-നു കൽപ്പറ്റയുടെ വിവിധ സ്ഥലങ്ങളിൽ നടത്തുന്ന പരസ്യയോഗങ്ങളോടുകൂടി കെപിഎഫിന്റെ അടുത്ത പൊതുപരിപാടികൾക്കു തുടക്കം കുറിക്കും. ഫോൺ: 9048671099, 7034467273.

# എക്സൽ സോഷ്യൽ അവയർനെസ് ക്യാമ്പയിൻ

**കോഴഞ്ചേരി:** എക്സൽ സോഷ്യൽ അവയർനെസ് മീഡിയയുടെ ആഭിമുഖ്യത്തിൽ ലോക ലഹരി വിരുദ്ധ ദിനത്തിൽ ലഹരി വിരുദ്ധ ക്യാമ്പെയിൻ നടത്തി. കോഴഞ്ചേരി സെന്റ് തോമസ് കോളജ് പ്രിൻസിപ്പാൾ മാത്യൂസ് പി. ജോൺ പോസ്റ്റർ പ്രകാശനം ചെയ്ത് ഉദ്ഘാടനം നിർവഹിച്ചു. ബിനു ജോസഫ് വടശ്ശേരിക്കര, അനിൽ ഇലന്തൂർ, ബ്ലസൺ പി.ജോൺ എന്നിവർ ലഹരി വിരുദ്ധ സന്ദേശങ്ങൾ നൽകി. ഡെന്നി ജോൺ ലഹരിക്കെതിരെ മാജിക് പരിപാടി നടത്തി. കേരളത്തിലെ വിവിധ സ്ക്കൂളുകളിലും കോളജുകളിലും ലഹരിക്കെതിരെയുള്ള പ്രചരണ പരിപാടികൾ എക്സൽ സോഷ്യൽ അവയർനെസ് മീഡിയയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കും. ഫോൺ: 9496325026, 9526677871.

വചനസന്ദേശം



റവ: മാത്യൂസ് ഇട്ടി ഫ്ളോറിഡ

# തോറ്റുപോയ ഭൂരിപക്ഷവും വിജയം നേടിയ ന്യൂനപക്ഷവും

ഭൂരിപക്ഷം തോൽക്കുകയും ന്യൂനപക്ഷം ജയിക്കുകയുമോ? അതേ, അതാണ് തിരുവചനം തെളിയിക്കുന്നത്. വിശുദ്ധ തിരുവചനത്തിലുടനീളം ദൈവഭാഗത്തു നിന്ന കേവലം ന്യൂനപക്ഷത്തെക്കൊണ്ട് ഭൂരിപക്ഷത്തിന്മേൽ വൻ വിജയം നേടിയ സംഭവങ്ങൾ കാണാം.

**ഭൂരിപക്ഷത്തിനെതിരെ ദൈവ പക്ഷത്തു നിന്ന് വജയം നേടിയ ന്യൂനപക്ഷം (പുറപ്പാട് 32: 15 – 29)**

യിസ്രായേൽ ജനം എന്നും ഒരു യുദ്ധക്കളത്തിലായിരുന്നു. അത് ഇന്നും അപ്രകാരം തന്നെ. യിസ്രായേൽ ജനത്തെ മിസ്രയീമിൽ ഫറവോന്റെ അടിമത്തത്തിൽനിന്നും വിടുവിച്ച് മരുഭൂമിയിൽ കൂടി യാത്ര ചെയ്യിപ്പിച്ച് കനാനിൽ എത്തിക്കുക എന്ന ദൈവീക പദ്ധതിയുടെ ഭാഗമായിരുന്നു അവർ ദൈവത്തോടൊപ്പം നിന്ന് ശത്രുക്കളോട് യുദ്ധം ചെയ്ത് വാഗ്ദത്ത ദേശം കൈവശമാക്കുക എന്നത്. അവർക്ക് സ്വന്തം ശക്തി കൊണ്ടോ ബലം കൊണ്ടോ അത് സാധ്യമല്ലെന്നും അവർ ദൈവത്തോടൊപ്പം നിന്നാൽ അത് സാധ്യമാണെന്നും അവരെ ദൈവം ബോധ്യപ്പെടുത്തിയ സംഭവങ്ങൾ നിരവധിയാണ്. എന്നാൽ അവർ ഒരിക്കൽപോലും സ്വന്തം സഹോദര ഗോത്രങ്ങൾക്കെതിരെ വാളെടുക്കുക ദൈവഹിതത്തിന്റെ ഭാഗമല്ലായിരുന്നു. എന്നിട്ടും ആ ദാരുണ സംഭവമാണ് പുറപ്പാട് 32-ൽ കാണുന്നത്.

ദൈവപുരുഷനായ മോശെ സീനായി പർവ്വതത്തിൽ ദൈവത്തിന്റെ വിരൽ കൊണ്ട് കൽപ്പലകയിൽ എഴുതിയ ദൈവീക പ്രമാണം പ്രാപിക്കുവാൻ ഇരുന്ന സമയം കൂടിപ്പോയി എന്നവർക്കു തോന്നി. അവർക്ക് ഒരു നേതാവ് ഇല്ലാതെ ജീവിക്കുക വയ്യ എന്ന തോന്നൽ അവർക്കുണ്ടായി. അഹരോന്റെ നേതൃത്വത്തിൽ ഒരു നേതാവിനെ അവർ തന്നെ ഉണ്ടാക്കിയെടുത്തു. അതിൽ സകല യിസ്രായേൽ ജനത്തിന്റെയും പങ്കാളിത്തം ഉണ്ടായിരുന്നു. 'ജനം ഒക്കെയും തങ്ങളുടെ കാതിൽ നിന്ന് പൊൻകുണുക്ക് പറിച്ച് അഹരോന്റെ അടുക്കൽ കൊണ്ടുവന്നു' (പുറ.32:3). പിറ്റെന്നാൾ അവർ അതികാലത്ത് എഴുന്നേറ്റ് ഹോമയാഗങ്ങൾ കഴിച്ചു സമാധാനയാഗങ്ങളും അർപ്പിച്ചു. 'ജനം ഭക്ഷിപ്പാനും കുടിപ്പാനും ഇരുന്നു; കളിപ്പാൻ എഴുന്നേറ്റു' (പുറ.32:6). ഇവിടെ ഇതാ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ട ഒരു നേതാവ്. പക്ഷേ, ആ നേതാവിന് അധിക നാൾ നേതാവായി തുടരുവാൻ കഴിഞ്ഞില്ല. കുപിതനായ മോശെ, 'അവർ ഉണ്ടാക്കിയിരുന്ന കാളക്കുട്ടിയെ അവൻ എടുത്ത് തീയിൽ ഇട്ട് ചുട്ട് അരച്ചു പൊടിയാക്കി വെള്ളത്തിൽ വിതറി യിസ്രായേൽ മക്കളെ കുടിപ്പിച്ചു' (പുറ.32:20). തുടർന്ന് മോശെ ചെയ്ത പ്രഖ്യാപനമാണ് ഏകപക്ഷമായിരുന്ന യിസ്രായേൽ ജനം ഭൂരിപക്ഷവും ന്യൂനപക്ഷവും ആയിത്തീർന്നത്. 'യെഹോവയുടെ പക്ഷത്തിൽ ഉള്ളവൻ എന്റെ അടുക്കൽ വരട്ടെ എന്നു പറഞ്ഞു. എന്നാറെ ലേവ്യർ എല്ലാവരും അവന്റെ അടുക്കൽ വന്നുകൂടി' (പുറ.32:26). തുടർന്നു നടന്ന സംഹാരത്തിൽ മൂവായിരം പേർ വീണു. ഒരു ഗോത്രം പതിനൊന്ന് ഗോത്രത്തിനെതിരെ നേടിയ വിജയം! അതിന് അവരെ സജ്ജമാക്കിയത് അവരുടെ കഴിവോ യുദ്ധ നൈപുണ്യമോ ഒന്നുമല്ല മറിച്ച് അവർ ദൈവപക്ഷത്തു നിന്നു എന്നതു മാത്രമാണ്. ഇന്നും ദൈവപക്ഷത്തു നിൽക്കുന്നവർക്കുവേണ്ടി ദൈവം യുദ്ധം ചെയ്യും. ദൈവം കൂടെയുണ്ടെങ്കിൽ വിജയം സുനിശ്ചിതമാണ്.

**ഭൂരിപക്ഷത്തിനെതിരെ വിശ്വാസത്താൽ വിജയം നേടിയ ന്യൂനപക്ഷം (സംഖ്യാ. 13,14)**

മോശെ, കനാൻ ദേശം ഒറ്റുനോക്കേണ്ടതിന് ഓരോ ഗോത്രത്തിൽ നിന്നും ഗോത്ര തലവന്മാരെ അയച്ചു. 'ആ പുരുഷന്മാരൊക്കെയും യിസ്രായേൽ മക്കളിൽ തലവന്മാർ ആയിരുന്നു'-സംഖ്യാ.13:3. ഒറ്റു നോക്കിയ ശേഷം മടങ്ങിയെത്തി അവർ നൽകിയ റിപ്പോർട്ടും ഏകപക്ഷമായിരുന്നു. ദേശം നല്ലതുതന്നെ, പക്ഷെ, നമുക്കത് കൈവശമാക്കുവാൻ കഴികയില്ല. കാരണം അവർ നമ്മിലും ബലവാന്മാർ ആകുന്നു, നിവാസികളെ തിന്നുകളയുന്ന ഒരു ദേശമാണത്. അവിടുത്തെ ജനങ്ങൾ അതികായന്മാരാണ്, അവിടെ അനാക്യ മല്ലന്മാരുണ്ട്, അവരുടെ മുമ്പിൽ ഞങ്ങൾ കേവലം വെട്ടുക്കിളികളെപ്പോലെ മാത്രമാണ്' (സംഖ്യാ.13:31-33). എന്നാൽ യോശുവയും കാലേബും മറ്റുള്ളവർ കാണാത്തതും അതിശ്രേഷ്ഠവുമായ ഒന്ന് കാണുവാൻ ഇടയായി. 'ഞങ്ങൾ സഞ്ചരിച്ച് ഒറ്റുനോക്കിയ ദേശം എത്രയും നല്ല ദേശമാകുന്നു. യെഹോവ നമ്മിൽ പ്രസാദിക്കുന്നുവെങ്കിൽ അവൻ നമ്മെ പാലും തേനും ഒഴുകുന്ന ആ ദേശത്തേക്ക് കൊണ്ടുചെന്ന് നമുക്ക് അത് തരും. യെഹോവയോട് നിങ്ങൾ മത്സരിക്ക മാത്രം അരുത്. ആ ദേശത്തിലെ ജനത്തെ ഭയപ്പെടരുത്. അവർ നമുക്ക് ഇരയാകുന്നു. അവരുടെ ശരണം പൊയ്പ്പോയിരിക്കുന്നു. നമ്മോടുകൂടെ യെഹോവ ഉള്ളതുകൊണ്ട് അവരെ ഭയപ്പെടരുത്' (സംഖ്യാ.14: 7-9). ഭൗതിക കാഴ്ചപ്പാടിൽ വിഷയങ്ങളെ വിലയിരുത്തിയ ഭൂരിപക്ഷത്തിനെതിരെ ആത്മീയ കാഴ്ചപ്പാടിൽ ദൈവീക വിശ്വാസം പ്രഖ്യാപിച്ച ന്യൂനപക്ഷം. പരിണിത ഫലമോ; 'യെഹോവ അരുളിച്ചെയ്യുന്നു: ഈ മരുഭുമിയിൽ നിങ്ങുടെ ശവം വീഴും. യെഫുന്നയുടെ മകൻ കാലേബും നൂന്റെ മകൻ യോശുവയും ഒഴികെ ഇരുപതു വയസ്സുമുതൽ മേലോട്ട് എണ്ണപ്പെട്ടവരായി എന്റെ നേരെ പിറുപിറുത്തവരായ നിങ്ങളുടെ എണ്ണത്തിൽ ആരും ഞാൻ നിങ്ങളെ പാർപ്പിക്കുമെന്ന് സത്യം ചെയ്തിട്ടുള്ള ദേശത്തു കടക്കയില്ല' (സംഖ്യാ.14:29-31). 'ദേശത്തെക്കുറിച്ച് ദുർവർത്തമാനം പറഞ്ഞവരായ പുരുഷന്മാർ യെഹോവയുടെ മുമ്പാകെ ഒരു ബാധകൊണ്ട് മരിച്ചു. എന്നാൽ ദേശം ഒറ്റുനോക്കുവാൻ പോയ പുരുഷന്മാരിൽ നൂന്റെ മകൻ യോശുവയും യെഫുന്നയുടെ പുത്രൻ കാലേബും മരിച്ചില്ല' (സംഖ്യാ.14:38). വിശ്വാസത്തിൽ ചുവടുറപ്പിച്ച ന്യൂനപക്ഷത്തിനു വിജയം!

**ഭൂരിപക്ഷത്തിനെതിരെ അനുസരണത്താൽ വിജയം നേടിയ ന്യൂനപക്ഷം (ന്യായാ. 7:2 – 24)**

മിദ്യാന്യർക്കെതിരെ മുപ്പത്തീരായിരം പേരടങ്ങുന്ന യിസ്രായേൽ സൈന്യം യുദ്ധ സന്നദ്ധരായി. അവർ യുദ്ധ

ശേഷം 4-ാം പേജിൽ

## ട്രാൻസ്ഫോർമേഷൻ ഇൻഡ്യാ മൂവ്മെന്റ് – കേരള ചാപ്റ്റർ

**തിരുവല്ല:** സമഗ്രമായ ക്രിസ്തീയ പ്രവർത്തനങ്ങളിലൂടെ ഭാരതത്തിന് ആത്മീയവും വിദ്യാഭ്യാസപരവും സാമൂഹിക-സാമ്പത്തികവുമായ രൂപാന്തരം വരുത്തുക എന്ന ലക്ഷ്യത്തോടെ ബീഹാറിലെ പാട്ന കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ട്രാൻസ്ഫോർമേഷൻ ഇൻഡ്യാ മൂവ്മെന്റ് (ററകങ) കേരള ചാപ്റ്ററിന്റെ ഉദ്ഘാടനവും സമർപ്പണ ശുശ്രൂഷയും ജൂൺ 22-ന് തിരുവല്ല ബിലിവേഴ്സ് ചർച്ച് യൂത്ത് സെന്ററിൽ നടന്നു. എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ജേക്കബ് ടി. ആന്റണി പ്രാർത്ഥിച്ചാരംഭിച്ചു. പാസ്റ്റർ രാജു പൂവക്കാല മുഖ്യസന്ദേശം നലകി. പ്രസിഡന്റ് പാസ്റ്റർ ബിജു തോമസ് പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിച്ചു. പാസ്റ്റർ ജോർജ് തോമസ് സമർപ്പണ പ്രാർത്ഥന നടത്തുകയും ചാർളി ആശംസകളറിയിക്കുകയും ചെയ്തു. ജേക്കബ് മാത്യു നന്ദി പറഞ്ഞു. പാസ്റ്റർ തോമസ് മാത്യുവിന്റെ പ്രാർത്ഥനയോടെ സമാപിച്ചു. ഫോൺ: 9446913831.

## നൂതന പരിഭാഷാ ബൈബിൾ ആപ്പ് പുറത്തിറങ്ങി

**കോട്ടയം:** എൻ.ഐവി. പ്രസാധകരായ ബിബ്ലിക്കായുടെ മലയാളം നൂതന പരിഭാഷ ഓഡിയോ ബൈബിൾ പുറത്തിറങ്ങി. ബിബ്ലിക്ക 2017-ൽ പുറത്തിറക്കിയ മലയാളം നൂതന പരിഭാഷ ബൈബിൾ ആദ്യമായാണ് ആപ്പ് രൂപത്തിൽ പുറത്തിറങ്ങുന്നത്. ഫെയ്ത്ത് കംസ് ബൈ ഹിയറിങ്ങിന്റെ ഗ്ലോബൽ ബൈബിൾ ആ

പ്പ് പ്രൊജക്ടിന്റെ ഭാഗമായാണ് ഈ ബൈബിൾ ആപ്പ് റിലീസ് ചെയ്തിരിക്കുന്നത്. ഈ ആപ്ലിക്കേഷൻ ഉപയോഗിച്ച് മലയാളം ബൈബിൾ സ്മാർട്ട് ഫോണുകളിൽ ഓഫ് ലൈനായി വായിക്കാം. വായിക്കുന്ന ഭാഗം അതേ സമയം തന്നെ ശ്രവിക്കുവാനും കഴിയുന്നു എന്നത് ഇതിന്റെ സവിശേഷതയാണ്.

# ഐആർഎ ഇവാഞ്ചലിസം മിഷൻ ബോർഡ് പ്രവർത്തനം

**മല്ലപ്പള്ളി:** ഇന്ത്യാ റിവൈവൽ അസ്സംബ്ലി ഇവാഞ്ചലിസം മിഷൻ ബോർഡിന്റെ നേതൃത്വത്തിൽ ജൂലൈ 31 ബുധനാഴ്ച രാവിലെ മുതൽ മാരിക്കൽ കേന്ദ്രമാക്കി ഭവന സന്ദർശനവും പരസ്യയോഗവും നടന്നു. 10 മണി മുതൽ 2 മണി വരെ ഭവനസന്ദർശനവും മൂന്നു മുതൽ ആറുവരെ മാരിക്കൽ, നല്ലൂർപടവ്, ഇരപ്പുക്കൽ, ഇവാ. പി.സി. തോമസിന്റെ ഭവനാങ്കണം എന്നിവിടങ്ങളിൽ പരസ്യയോഗവും നടന്നു. പാസ്റ്റർമാരായ ജേക്കബ് ജോർജ്ജ്, സാബു എം. ജോസഫ്, ഷിബു ജോസഫ്, ഇവാ. എം.ജെ. ചാക്കോ, എന്നിവർ വചനം സംസാരിച്ചു, പാസ്റ്റർമാരായ ഒ.എം. ജോർജ്ജ്, ജോബ് ചാക്കോ, ഇവാ. പി.സി. തോമസ്, പാസ്റ്റർ ജേക്കബ് ദാനിയേൽ എന്നിവർ യോഗങ്ങൾ ലീഡ് ചെയ്തു. പതിനഞ്ചാം മൈൽ സഭാംഗം സഹോദരൻ മോൻസി വർഗീസ് യോഗത്തിൽ സാക്ഷ്യം പറഞ്ഞു. പ്രവർത്തനത്തിൽ ഏകദേശം 20 പേർ പങ്കെടുത്തു



# ഓർലാൻഡോ ഐപിസി വാർഷിക കൺവൻഷൻ

**ഫ്ളോറിഡ:** ഐപിസി ഓർലാൻഡോ സഭയുടെ വാർഷിക കൺവൻഷനും സുവിശേഷയോഗങ്ങളും ജൂലൈ 12 മുതൽ 14 വരെ ഓർലാൻഡോ സഭാഹാളിൽ നടന്നു. റവ. ഇടിച്ചെറിയ നൈനാൻ മുഖ്യ പ്രസംഗകനായിരുന്നു. സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ജേക്കബ് മാത്യു നേതൃത്വം നൽകി. വൈസ്പ്രസിഡന്റ് ബെന്നി ജോർജ്, സെക്രട്ടറി അലക്സാണ്ടർ ജോർജ്, ട്രഷറർ സജിമോൻ മാത്യു തുടങ്ങിയവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## ദുബൈ ഇമ്മാനുവേൽ അസംബ്ളി ഓഫ് ഗോഡ് കുടുംബ സംഗമം അടൂരിൽ

**ദുബൈ:** ഇമ്മാനുവേൽ അസംബ്ലീസ് ഓഫ് ഗോഡിന്റെ പൂർവ്വകാല വിശ്വാസികളുടെയും ശുശ്രൂഷകരുടെയും 2-ാമത് ഗ്ലോബൽ ഗാതറിങ്-കുടുംബസംഗമം ഓഗസ്റ്റ് 10-നു അടൂർ ടൗൺ എ.ജി. ചർച്ച് ഹാളിൽ നടക്കും. പാസ്റ്റർ തോമസ് ഫിലിപ് മുഖ്യ സന്ദേശം നൽകും. പാസ്റ്റർ ജോബി വർഗീസ് നേതൃത്വം നൽകും.

## മല്ലപ്പള്ളി യുപിഎഫ് ഭാരവാഹികൾ




ടി.വി.പോത്തൻ



സാം പി.ജോസഫ്



ബിനോയി മാത്യു



എം.എ.ഫിലിപ്

**മല്ലപ്പള്ളി:** മല്ലപ്പള്ളിയിലും പരിസര പ്രദേശങ്ങളിലുമുള്ള ദൈവദാസന്മാരുടെ കൂട്ടായ്മയായ എം.യു.പി.എഫ് ഭാരവാഹികളായി പാസ്റ്റർമാരായ ടി.വി.പോത്തൻ (പ്രസിഡന്റ്), ടി.എം.വർഗീസ്, ഐസക് തേമാസ്, എ.ഡി. ജോൺസൺ (വൈസ് പ്രസിഡന്റ്), സാം പി.ജോസഫ് (ജനറൽ സെക്രട്ടറി), ബിനോയി മാത്യു (സെക്രട്ടറി), എം.എ.ഫിലിപ് (ട്രഷറർ), പ്രകാശ് വി. മാത്യു, ബെന്നി കൊച്ചുവടക്കേൽ എന്നിവരെ ജനറൽ കോ-ഓർഡിനേറ്റേഴ്സായും ജേക്കബ് വർഗീസ്, എൻ.ഇ.മാത്യു, എം.എം.സാമുവേൽ, പി.എം.ചാക്കോ, ഫിന്നി തോമസ് എന്നിവരെ കൺവീനേഴ്സായും തിരഞ്ഞെടുത്തു.

### മാസയോഗം

**പാടിമൺ:** ഐആർ എയുടെ അടുത്ത മാസയോഗം 2019 ആഗസ്റ്റ് 10 ശനിയാഴ്ച രാവിലെ 10 മുതൽ പാടിമൺ സഭയിൽ വച്ച് നടക്കും.

### സുവിശേഷപ്രവർത്തനം

**കറുകച്ചാൽ:** ഐആർഎ യുടെ വിവിധ സഭകൾ കേന്ദ്രമാക്കി സുവിശേഷ പ്രവർത്തനം, പരസ്യയോഗം എന്നിവ ആഗസ്റ്റ് 15ന് നടക്കും.

### ഉപവാസപ്രാർത്ഥന

**വാഴൂർ:** ഐആർഎ 15-ാം മൈൽ സഭയിൽ ജൂലൈ 5,6,7 തീയതികളിൽ ഉപവാസപ്രാർത്ഥന നടന്നു. പാസ്റ്റർ സാബു എം. ജോസഫ്, ബ്രദർ കെ.ജെ. ബെന്നി, റോബിൻ പി. സി. എന്നിവർ വചനം ശുശ്രൂഷിച്ചു. 7-ാം തീയതി ഞായറാഴ്ച കർതൃമേശയോടുകൂടി ഉപവാസപ്രാർത്ഥന സമാപിച്ചു.

**വാഴൂർ:** ഐആർഎ 15-ാം മൈൽ സഭയിൽ ആഗസ്റ്റ് 2,3,4 തീയതികളിൽ ഉപവാസപ്രാർത്ഥന നടന്നു. പാസ്റ്റർ സാബു എം. ജോസഫ്, പാസ്റ്റർ മോനിച്ചൻ, സഹോദരന്മാരായ റോബിൻ പി.സി., കെ.ജെ. ബെന്നി എന്നിവർ വചനം ശുശ്രൂഷിച്ചു. ഞായറാഴ്ച കർതൃമേശയോടുകൂടി യോഗം പര്യവസാനിച്ചു.

## തോറ്റുപോയ ഭൂരിപക്ഷവും വിജയം നേടിയ ന്യൂനപക്ഷവും 3-ാം പേജിൽനിന്നും തുടർച്ച

ത്തിനുള്ള എല്ലാ യോഗ്യതകളും പദവികളും സ്ഥാനങ്ങളും അലങ്കരിക്കുന്നവരത്രെ. എന്നാൽ ദൈവീക ദൃഷ്ടിയിൽ യുദ്ധത്തിന് യോഗ്യതയില്ലാത്ത ബഹുഭൂരിപക്ഷത്തെയാണ് കണ്ടത്. ദൈവീക തിരഞ്ഞെടുപ്പിൽ തള്ളപ്പെട്ട ഒന്നാമത്തെ ഗണം ഇരുപത്തീരായിരം പേരായിരുന്നു. അവരുടെ അയോഗ്യതയാകട്ടെ, ഭയവും ഭീരുത്വവും! രണ്ടാമത്തെ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടവർ ഒമ്പതിനായിരത്തി എഴുന്നൂറു പേരും തള്ളപ്പെട്ടവർ മുപ്പത്തോരായിരത്തി എഴുന്നൂറും തിരഞ്ഞെടുക്കപ്പെട്ടവർ മുന്നൂറും! അവരുടെ യോഗ്യതയോ, വെള്ളം നക്കി കുടിച്ചു എന്നതാണ്. ഒരു വലിയ സൈന്യത്തിനെതിരെ യുദ്ധം ചെയ്യുവാൻ ഇതൊരു യോഗ്യതയോ? അതെ, അനുസരണം ദൈവമുമ്പാകെ ശ്രേഷ്ഠമായ ഒന്നാണ്. 'നക്കി കുടിച്ച മുന്നൂറു പേരെക്കൊണ്ട് ഞാൻ നിങ്ങളെ രക്ഷിച്ച് മിദ്യാന്യരെ നിന്റെ കൈയ്യിൽ ഏൽപ്പിക്കും' (ന്യായാ.7:7). 'മദ്ധ്യ യാമത്തിന്റെ ആരംഭത്തിൽ അവർ കാവൽ മാറി നിർത്തിയ ഉടനെ ഗിദെയോനും കൂടെയുള്ള മുന്നൂറുപേരും പാളയത്തിന്റെ അറ്റത്ത് എത്തി കാഹളം ഊതി കൈയ്യിൽ ഉണ്ടായിരുന്ന കുടങ്ങൾ ഉടച്ചു. മൂന്നു കൂട്ടവും കാഹളം ഊതി കുടങ്ങൾ ഉടച്ചു. ഇടതുകൈയ്യിൽ പന്തവും വലതു കൈയ്യിൽ ഊതുവാൻ കാഹളവും പിടിച്ചു. യെഹോവയ്ക്കും ഗിദെയോനും വേണ്ടി വാൾ എന്നാർത്തു. ആ മുന്നൂറു പേരും കാഹളം ഊതിയപ്പോൾ യെഹോവ പാളയത്തിലൊക്കെയും ഓരോരുത്തന്റെ വാൾ താന്താന്റെ കൂട്ടുകാരന്റെ നേരെ തിരിപ്പിച്ചു. സൈന്യം സെരേരാ വഴിയായി ബേത്ത്-ശിത്താ വരെയും തബ്ബത്തിനരികെയുള്ള ആബേൽ-മെഹോലയുടെ അതിർ വരെയും ഓടിപ്പോയി' (ന്യായാ. 7:19-22). ശത്രു എത്ര പ്രബലനായിരുന്നാലും ദൈവാനുസരണത്തിൽ നിന്നാൽ വിജയം നിശ്ചയം.

### തിരഞ്ഞെടുക്കപ്പെട്ട രാജാവ് പരാജയപ്പെട്ടപ്പോൾ തിരഞ്ഞെടുക്കപ്പെടാത്ത രാജാവിനു വിജയം (1ശമു. 8 – 16)

ദൈവജനത്തിന്റെ നടത്തിപ്പുകാർ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും അഭിഷിക്തരുമായിരിക്കണം. ദൈവജനമായ യിസ്രായേലിന്റെ നടത്തിപ്പിനായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ന്യായാധിപന്മാരും രാജാക്കന്മാരും പ്രവാചകന്മാരും യഥാസമയം അവർക്ക് ദൈവം നൽകിയിരുന്നു. എന്നാൽ ശമുവേലിന്റെ കാലം അവസാനിക്കാറായപ്പോൾ ജനത്തിന് ഒരു പുതിയ തോന്നലുണ്ടായി. 'ആകയാൽ സകല ജാതികൾക്കുമുള്ളതുപോലെ ഞങ്ങളെ ഭരിക്കേണ്ടതിന് ഞങ്ങൾക്ക് ഒരു രാജാവിനെ നിയമിച്ചു തരേണമെന്ന് പറഞ്ഞു' (1ശമു.8:5). തങ്ങൾ സകല ജാതികളിൽ നിന്നും വ്യത്യസ്തരാണെന്ന സത്യം അവർ വിസ്മരിച്ചു. നിങ്ങളുടെ ഇഷ്ടമനുസരിച്ചുള്ള ഒരു രാജാവ് ഉണ്ടായാൽ നേരിടുവാനരിക്കുന്ന ഭവിഷ്യത്തുകളെ ശമുവേൽ അവർക്ക് വിവരിച്ചു നൽകി (1ശമു.8:10-22). എങ്കിലും അവർക്കത് സ്വീകാര്യമായില്ല. ഏറ്റവും ശ്രേഷ്ഠനും യോഗ്യനുമായ ഒരാളെ അവർ കണ്ടെത്തി. യോഗ്യതകളാകട്ടെ: (1) ധനികന്റെ മകൻ. (2) യൗവ്വനക്കാരൻ. (3) കോമളൻ. (4) ഏറ്റവും പൊക്കമുള്ളവൻ. യോഗ്യതയ്ക്ക് എന്താണ് കുറവ്? ശമുവേൽ തൈല പാത്രം എടുത്ത് അവന്റെ തലയിൽ ഒഴിച്ച് ജനം കണ്ടെത്തിയ ശൗലിനെത്തന്നെ രാജാവായി അഭിഷേകം ചെയ്തു. എന്നാൽ ഈ യോഗ്യതകളൊന്നും അവന്റെ രാജവാഴ്ചയ്ക്ക് ഉതകിയില്ല. അനുസരണക്കേട് കാണിച്ച ശൗലിനെ ദൈവം രാജസ്ഥാനത്തു നിന്നും നീക്കി കളഞ്ഞു. 'അനുസരിക്കുന്നത് യാഗത്തെക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത്' (1ശമു.15:22). എല്ലാ യോഗ്യതകളോടുംകൂടെ ജനത്താൽ തിരഞ്ഞെടുക്കപ്പെട്ടവൻ ദൈവത്താൽ അയോഗ്യനാക്കപ്പെട്ടു. 'എന്നാൽ യെഹോവയുടെ ആത്മാവ് അവനെ വിട്ടുമാറി യെഹോവ അയച്ച ഒരു ദുരാത്മാവ് അവനെ ബാധിച്ചു' (1ശമു.16:14). എന്നാൽ മനുഷ്യദൃഷ്ടിയിൽ വലിയ യോഗ്യതകളൊന്നും എടുത്തുപറയാനില്ലാത്തതും കേവലം അപ്പന്റെ ആടുകളെ മേയിക്കുകയും ചെയ്തിരുന്ന ഒരു ആട്ടിടയനെ അഭിഷേകം ചെയ്ത് രാജസ്ഥാനത്തിരുത്തുന്ന പദ്ധതിയാണ് ദാവീദിന്റെ അവരോധം വെളിപ്പെടുത്തുന്നത് (1ശമു.16:1-12). 'അങ്ങനെ ശമുവേൽ തൈലക്കൊമ്പ് എടുത്ത് അവന്റെ സഹോദരന്മാരുടെ നടുവിൽ വച്ച് അവനെ അഭിഷേകം ചെയ്തു. യെഹോവയുടെ ആത്മാവ് അന്നു മുതൽ ദാവീദിന്മേൽ വന്നു' (1ശമു.16:13). മാനുഷിക കാഴ്ചപ്പാടിലെ യോഗ്യതകളല്ല ദൈവീക ദൃഷ്ടിയിലെ യോഗ്യതകളാണ് വിജയത്തിനാധാരം. (തുടരും)

## ബത്തേരി പി.പി.എഫ്. യോഗം

**വയനാട്:** സുൽത്താൻ ബത്തേരി പാസ്റ്റേഴ്സ് പ്രെയർ ഫെലോഷിപ് യോഗം ജൂലൈ 9-നു ചുള്ളിയോട് ഏലോഹിം ചർച്ചിൽ നടന്നു. പ്രസിഡന്റ് പാസ്റ്റർ സാം തോമസ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ പി. എം. ചാക്കോ വചനം പ്രസംഗിച്ചു. പാസ്റ്റർ ജിൻസൺ ഈ സഭയിൽ ശുശ്രൂഷിക്കുന്നു. പിപിഎഫ് ഉപവാസപ്രാർത്ഥന ഓഗസ്റ്റ് 7-നു സുൽത്താൻ ബത്തേരി അസംബ്ലീസ് ഓഫ് ഗോഡ് ചർച്ചിൽ നടക്കും. ഫോൺ: 7907754588.

വചന ചിന്ത



സജി മണിമല
☎: 8113870570

# പരീക്ഷകൾ നേരിടുമ്പോൾ......

പക്വതയുള്ള ഒരു മനുഷ്യൻ പരിശോധനകളിൽ ക്ഷമയുള്ളവനായിരിക്കും. ചില സമയങ്ങളിൽ പരിശോധനകൾ പുറത്തുനിന്നുള്ള പരീക്ഷകൾ ആയിരിക്കാം. ചില സമയങ്ങളിൽ അവ അകത്തു നിന്നു തന്നെയുള്ള പരീക്ഷകൾ ആയിരിക്കാം. പരിശോധനകൾ ചിലപ്പോൾ ദൈവം അയയ്ക്കുന്നവയായിരിക്കാം. എന്നാൽ പരീക്ഷകൾ (Temptations) തീർച്ചയായും വീഴ്ച സംഭവിച്ച പിശാചിന്റെ പ്രവർത്തികൾ തന്നെയാണ്.

പുതിയ നിയമത്തിൽ യാക്കോബിന്റെ ലേഖനത്തിൽ യാക്കോബ് പരിശോധനകളെ (Test)ക്കുറിച്ചും പരീക്ഷകളെ (Tempt)ക്കുറിച്ചും പ്രതിപാദിക്കുന്നു. നമ്മുടെ സാഹചര്യങ്ങൾ ബുദ്ധിമുട്ടും വിഷമമുള്ളതുമാകുമ്പോൾ ചില സമയങ്ങളിൽ നാം ദൈവത്തിനെതിരെ പരാതി പറയുകയും, തന്റെ സ്നേഹത്തെ ചോദ്യം ചെയ്യുന്നവരും, അവന്റെ ഹിതത്തെ പ്രതിരോധിക്കുന്നവരും ആകാറുണ്ട്. ഈ അവസരത്തിൽ കൗശലക്കാരനായ പിശാച് ഈ ബുദ്ധിമുട്ടുകളിൽ നിന്നു രക്ഷപ്പെടാനുള്ള പദ്ധതികൾ നമുക്ക് മുമ്പിൽ തുറക്കും. ഈ അവസരങ്ങളും പദ്ധതികളുമാണ് പരീക്ഷ (Temptation).

ഇതിനുദാഹരണമായി നിരവധി സംഭവങ്ങൾ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അബ്രഹാം കനാനിൽ എത്തിയപ്പോൾ അവിടെ വലിയ ക്ഷാമത്തെ നേരിടേണ്ടതായി വന്നു. തന്റെ ആടുമാടുകളെ കുടിപ്പിക്കുവാനോ സംരക്ഷിക്കുവാനോ അബ്രഹാമിനു ബുദ്ധിമുട്ട് നേരിട്ടു. ദൈവത്തേയും ദൈവാശ്രയത്തേയും വെളിപ്പെടുത്തുവാനുള്ള നല്ല അവസരമായിരിന്നിട്ടും പരീക്ഷയിൽ വശംവദനായി ഈജിപ്തിലേയ്ക്ക് പോയി.

"പരീക്ഷിക്കപ്പെടുമ്പോൾ ദൈവം പരീക്ഷിക്കുന്നു എന്ന് ആരും പറയരുത്. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടുന്നില്ല.. താൻ ആരേയും പരീക്ഷിക്കുന്നതുമില്ല." (അഭിനവ ഇന്ത്യാ ബൈബിൾ ഭാഷാന്തരം). ക്രിസ്തീയ ജീവിതത്തിൽ കഷ്ടങ്ങളും പ്രയാസങ്ങളും സഹിച്ചാൽ പ്രതിഫലമുണ്ട്. എന്നിരുന്നാലും തെറ്റായ മനോഭാവത്തിൽ അത് സഹിക്കുന്നത് ദോഷകരമാണ്. അതായത്, പരിശോധനകളുടെ പിന്നാലെ വരുന്ന പാപത്തിന്റെ വശീകരണത്തിനു ദൈവത്തെ കുറ്റപ്പെടുത്താൻ പാടില്ല.

പരീക്ഷ (Temptation) എന്നു ഒന്നാമദ്ധ്യായം രണ്ടാം വാക്യത്തിൽ പറഞ്ഞിരിക്കുന്നത് പാപം ചെയ്യാനുള്ള പ്രേരണയെക്കുറിച്ചാണ്. എന്നാൽ 1: 13-ൽ സാത്താൻ ഒരുക്കുന്ന കെണിയെക്കുറിച്ചാണ് പറയുന്നത്. അതായത്, നാം ചെയ്യുന്ന തെറ്റിന് ദൈവമാണ് കാരണക്കാരൻ എന്നു വിചാരിച്ചു രക്ഷപ്പെടാൻ നാം ശ്രമിക്കാറുണ്ട്. അത് സാത്താന്റെ ആലോചനയാണ്. ദൈവമാണ് കുറ്റക്കാരനെന്നു നമ്മെക്കൊണ്ട് പറയിക്കുകയാണ് ചെയ്യുന്നത്. അത് തെറ്റാണ്.

പരീക്ഷ സംബന്ധിച്ചു ദൈവത്തെ കുറ്റപ്പെടുത്താൻ പാടില്ലെന്നതിനു രണ്ടു കാരണങ്ങൾ ഈ വാക്യത്തിൽ പറയുന്നുണ്ട്. ഒന്ന് അവന്റെ സ്വഭാവത്തോട് ബന്ധപ്പെട്ടതാണ്. അവൻ ദോഷങ്ങളാൽ പരീക്ഷിതനാകുന്നില്ല. രണ്ട് അവൻ ആരേയും പരീക്ഷിക്കുന്നുമില്ല. ദൈവം പരിശോധിക്കും (Test) എന്നാൽ പരീക്ഷിക്കുകയില്ല (Tempt).

എന്നാൽ വീഴ്ച പറ്റിയ പിശാച് ഒരുക്കുന്ന ഈ കെണിയിൽ നിന്ന് അഥവാ പരീക്ഷയിൽ നിന്ന് നമുക്ക് എങ്ങനെ അതിനെ അതിജീവിക്കുവാൻ കഴിയും. യാക്കോബിന്റെ ലേഖനം ഒന്നാം അദ്ധ്യായത്തിൽ പരിശുദ്ധാത്മാവ് രേഖപ്പെടുത്തുന്ന ചില വസ്തുതകൾ നമുക്ക് പരിശോധിക്കാം.

**ഒന്ന്:** ദൈവീക ന്യായവിധിയെ ഓർക്കുക (1:13-16). ഇത് ഒരു നരകാത്മകമായ (negative) ചിന്തയാണ്. എന്നാൽ ഏറ്റവും പ്രാധാന്യമേറിയ ചിന്തയും ഇതാണ്. യാക്കോബ് പറയുന്നു, മുൻപോട്ടു നോക്കിക്കാണുക എവിടെയാണ് പാപം അവസാനിക്കുന്നത്-മരണത്തിൽ. പരീക്ഷകളിൽ ദൈവത്തിൽ ദോഷം ആരോപിക്കരുത്. ദൈവം നമ്മെ പരിശോധിക്കും, അബ്രഹാമിനെപ്പോലെ (ഉല്പത്തി 22). എന്നാൽ അവൻ പരീക്ഷിക്കുകയില്ല.

നാം സാധാരണയായി ചിന്തിക്കുന്നത് പാപമെന്നത് ഒരു ഒറ്റ പ്രവർത്തി (single act) യെന്നാണ്, എന്നാൽ ദൈവം പാപത്തെ പരിഗണിക്കുന്നത്, ഇത് ഒരു ഒറ്റ പ്രവർത്തിയായിട്ടല്ല. ഇത് ഒരു തുടർമാന പദ്ധതിയായിട്ടാണ്. ആദാം കല്പനാലംഘിയായി പാപമെന്ന ഒറ്റ പ്രവർത്തി ചെയ്തപ്പോൾ അത് മാനവജാതിയെ മുഴുവനും പാപത്തിലേയ്ക്കും, മരണത്തിലേയ്ക്കും ന്യായവിധിയിലേയ്ക്കും കൊണ്ടെത്തിച്ച ഒരു പദ്ധതിയായി മാറി. യാക്കോബ് ഇവിടെ പാപത്തിന്റെ ഈ പദ്ധതിയെ പാപത്തിന്റെ നാലു ഘടകങ്ങളായി പ്രതിപാദിക്കുകയാണ്.

**ഒന്ന്:** മോഹം (ആഗ്രഹം) 1: 14. ഓരോരുത്തനും സ്വന്ത മോഹങ്ങളാൽ വശീകരിക്കപ്പെടുമ്പോഴാണ് പരീക്ഷിക്കപ്പെടുന്നത്. സ്വന്ത മോഹത്തിൽ നിന്നാണ് പരീക്ഷയുണ്ടാകുന്നത്. മോഹം (ആഗ്രഹം) സർവ്വദാ ചീത്തയല്ല. എന്നാൽ മറ്റു പലയിടത്തുമെന്നപോലെ, ഇവിടേയും ജഢികവും സ്വാർത്ഥപരവും നിയമവിരുദ്ധവുമായ ആഗ്രഹത്തെക്കുറിച്ചാണ് പറയുന്നത്. ഈ പരീക്ഷ മനുഷ്യനെ പ്രലോഭിപ്പിക്കുന്ന, മിഥ്യാവേശം മൂലമുണ്ടാകുന്നതാണ്. സുഖാസ്വാദനത്തിനുള്ള ആകർഷണം ഇതിന്റെ പിമ്പിലുണ്ടായിരിക്കും. മോഹം ഇരയെ ആദ്യം വശീകരിക്കുന്നതും പിന്നെ അതിലേയ്ക്ക് വലിച്ചിഴയ്ക്കുന്നതുമായ പ്രലോഭനം കൊളുത്തിയ ചൂണ്ടപോലെയാണ്. മോഹാകർഷണം ശക്തിയായി എതിർത്തു നിൽക്കാത്തപക്ഷം നാം അതിൽ വീണു പോകും. ഇവിടെ സാത്താനെ പരീക്ഷകനായി അവതരിപ്പിക്കുന്നില്ല. കാരണം പാപത്തിനുത്തരവാദിയായി വ്യക്തിയെ തന്നെ എടുത്തു കാണിക്കുകയാണ് യാക്കോബിന്റെ ഉദ്ദേശ്യം. ഉദാ: ഹവ്വാ (ഉല്പത്തി 3:6).

**രണ്ട്:** വശീകരിക്കുക (1:14). പരീക്ഷ ഒരിക്കലും പരീക്ഷയായി പ്രത്യക്ഷപ്പെടാറില്ല. ഇത് എല്ലായ്പ്പോഴും യാഥാർത്ഥ്യത്തിലുപരിയായി നമ്മെ മോഹിപ്പിച്ചു ആകർഷിപ്പിച്ചു പ്രത്യക്ഷപ്പെടും.

'ആകർഷിച്ചു വശീകരിക്കുക' എന്നതിന്റെ മൂലപദം പുതിയനിയമത്തിൽ ഇവിടെ മാത്രമേ കാണുന്നുള്ളൂ. ഇരയെക്കാട്ടി കൂട്ടിലകപ്പെടുത്തുക, കപടത്താൽ ആകർഷിക്കുക എന്നർത്ഥം. 'വശീകരിക്കുക' എന്നതിനു ചൂണ്ടയിൽ ഇര കോർത്ത് ആകർഷിക്കുക എന്നർത്ഥം.

പരീക്ഷയെപ്പോഴും നമ്മുടെ സാധാരണ ആഗ്രഹങ്ങളെ സാധിപ്പിക്കുന്നത് എന്നു തോന്നതക്ക രീതിയിൽ നമ്മെ ആകർഷിപ്പിച്ചു വശീകരിക്കുന്നതായിരിക്കും. ഈ വശീകരണ

ശേഷം 8-ാം പേജിൽ

## വചനമെന്ന കണ്ണാടിക്കു മുന്നിൽ സഭ തിരുത്തലിന് തയ്യാറാകണം: പാസ്റ്റർ ടി.ജെ. ശാമുവേൽ

**ഷിക്കാഗോ:** സ്വയം തിരുത്തലിന് വിധേയമാകാതെ ഒഴുക്കിനൊത്ത് നീന്തുന്ന ഇന്നത്തെ സഭയുടെ യാത്ര അത്യന്തം അപകടകരമാണെന്നും ദൈവവചനം എന്ന കണ്ണാടിക്ക് മുന്നിൽ പരാജയങ്ങൾ തിരിച്ചറിഞ്ഞ് മടങ്ങിവരേണ്ടതനിവാര്യമാണെന്നും പ്രസിദ്ധ വേദാദ്ധ്യാപകനും സുവിശേഷ പ്രഭാഷകനുമായ പാസ്റ്റർ ടി.ജെ. ശാമുവേൽ പറഞ്ഞു. ഷിക്കാഗോ മാറാനാഥാ പ്രെയർ ഫെലോഷിപ്പിന്റെ 33-ാമത് വാർഷീക കൺവൻഷനിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. വെളിപ്പാട് പുസ്തകത്തിലൂടെ 7 സഭകളുടെ അവസ്ഥകളിലൂടെ ഇന്നത്തെ സഭയെ വിശകലനം ചെയ്തായിരുന്നു സന്ദേശം സ്വയം തിരുത്തപ്പെടേണ്ട സമയമാണിത്. യോഹന്നാൻ സ്നാപകൻ പരിചയപ്പെടുത്തുന്ന കുഞ്ഞാടാകുന്ന ക്രിസ്തുവിന്റെ മണവാട്ടിയായ സഭ, ശുദ്ധയും സ്വയം മണവാളന് ഏൽപിച്ച് കൊടുത്തവളും ആകുന്നു. ഏറ്റവും ഹൃദ്യവും വേർപിരിക്കുവാൻ പറ്റാത്തതുമായ ബന്ധമാണ് സഭയ്ക്ക് ക്രിസ്തുവിനോടുള്ളത്. ദൈവവചനത്തിൽ പറയുന്ന അത്തരം ഗുണവിശേഷണങ്ങളുള്ള ഒരു സഭയിൽ നിന്ന് എത്രമാത്രം വ്യതിചലിക്കപ്പെട്ടിരിക്കുന്നു ഇന്നത്തെ സഭാഗാത്രം. വചനം എന്ന കണ്ണാടി തുറന്ന് വച്ച് ഒരു വിലയിരുത്തലിനും തിരുത്തലിനും ഇന്നത്തെ സഭ തയ്യാറാകേണ്ടതുണ്ട്. 7 സഭകളും തങ്ങളിൽ തന്നെ തൃപ്തരെന്നഭിമാനുക്കുമ്പോഴും വീഴ്ചകളും കുറവുകളും എവിടെയെന്ന് ദൈവാത്മാവ് വ്യക്തമായി ചൂണ്ടിക്കാട്ടുന്നു. സർവ്വം തികഞ്ഞത് പോലെ ഇന്നത്തെ സഭയും മുന്നോട്ടോടുമ്പോൾ ദൈവാത്മാവിന്റെ ശബ്ദം ശ്രവിക്കാറുണ്ടോ? എവിടെയാണ് വീഴ്ച സംഭവിച്ചതെന്ന് വചനമാകുന്ന കണ്ണാടിക്ക് മുമ്പിൽ സ്വയം ശോധന ചെയ്യാറുണ്ടോ? ഒഴുക്കിനൊത്ത് നീന്തി തള്ളപ്പെടുന്നവരുടെ കൂട്ടത്തിലല്ല, വിശ്വസിച്ച് ജീവരക്ഷ പ്രാപിക്കുന്നവരുടെ നിരയിലേയ്ക്ക് ഒരു മാറ്റത്തിന് നമുക്ക് തയ്യാറാകാം എന്ന് പാസ്റ്റർ റ്റി.ജെ. ശാമുവേൽ ആഹ്വാനം ചെയ്തു. കൺവൻഷനിൽ സഭാവിഭാഗമെന്യേ അനവധി പേർ പങ്കെടുത്തു.

# ക്രൈസ്തവർക്കെതിരെ പീഡന തന്ത്രവുമായി തീവ്രവാദികൾ

## ◆ പീഡനം സോഷ്യൽ മീഡിയയിലൂടെ

ക്രൈസ്തവർക്കെതിരെയുള്ള പീഡനം ലക്ഷ്യമിട്ട് പുതിയ തന്ത്രവുമായി ഐഎസ് തീവ്രവാദികൾ. മിഡീൽ ഈസ്റ്റേൺ രാജ്യങ്ങളിലെ ഇസ്ലാമിക തീവ്രവാദികളാണ് ക്രിസ്തു വിശ്വാസികളെ ലക്ഷ്യമാക്കി പുതിയ പീഡന മാർഗ്ഗമായി സമൂഹ മാധ്യമം തിരഞ്ഞെടുത്തിരിക്കുന്നത്. പീഡനമേൽക്കുന്നവർക്കുവേണ്ടി ഒരു നിരീക്ഷണ ഗ്രൂപ്പായി അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന 'ഓപ്പൺ ഡോർസ്' എന്ന സംഘടനയുടെ അഭിപ്രായത്തിൽ തീവ്രവാദികൾ ക്രിസ്ത്യാനികളുടെ ഫേസ്ബുക്ക് അക്കൗണ്ടുകൾ ഹാക്ക് ചെയ്ത് ഇസ്ലാമിനെതിരെ മതനിന്ദാ സന്ദേശങ്ങൾ അവരുടെ ഫീഡുകളിൽ പോസ്റ്റ് ചെയ്യുന്നതാണ് പുതിയ തന്ത്രം. ഇസ്ലാമിനെതിരെയുള്ള പരാമർശങ്ങൾ നിയമ വിരുദ്ധമായതിനാൽ അറസ്റ്റ് ചെയ്യപ്പെടുന്നതിനും കടുത്ത ശിക്ഷയ്ക്കും കാരണമാകും. ഫാഡി യൂസഫ് ടോഡറി (26) എന്ന ഈജിപ്റ്റുകാരന് ഇത്തരത്തിലൊരു ദുരനുഭവം ഉണ്ടായിട്ടുണ്ട്. തന്റെ എഫ്ബി അക്കൗണ്ടിലേക്ക് ലോഗിൻ ചെയ്തപ്പോൾ താൻ എഴുതാത്ത ഒരു സന്ദേശം കണ്ടെത്തി. തന്റെ അക്കൗണ്ട് ഹാക്ക് ചെയ്യപ്പെട്ടുവെന്ന് അറിയിച്ചുകാണ്ട് ഒരു വിഡിയോ ഉടനതന്നെ ടോഡറി പോസ്റ്റ് ചെയ്തു. എന്നാൽ സൗത്ത് കെയ്റോയിലെ മിനിയയിലുള്ള ടോഡറിയുടെ കുടുംബത്തെ 100ഓളം പേർ ചേർന്ന് ആക്രമിക്കുകയും ടോഡറിയെയും 19 വയസുള്ള സഹോദരനെയും മറ്റ് രണ്ടു ബന്ധുക്കളെയും പോലീസ് അറസ്റ്റ് ചെയ്യുകയും ചെയ്തു. മറ്റുള്ളവരെ പോലീസ് പിന്നീട് വിട്ടയച്ചെങ്കിലും ടോഡറി ഇപ്പോഴും വിചാരണ കാത്ത് കഴിയുന്നു. 2018 ഡിസംബറിലും സമാനമായ സംഭവമുണ്ടായിട്ടുണ്ടെന്നു 'ഓപ്പൺ ഡോർസ്' വെളിപ്പെടുത്തി. ഇസ്ലാമിന അപമാനിച്ചു എന്നാരാപിച്ച് ഒരു വിശ്വാസിക്ക് മൂന്നു വർഷത്ത തടവ് ശിക്ഷ വിധിക്കുകയായിരുന്നു.

## മാസയോഗം

**ബംഗളൂരു:** ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ ബംഗളൂരു സൗത്ത് കനാറ സെന്റർ മാസയോഗം ആഗസ്റ്റ് 15-ന് രാവിലെ 10 മണിക്ക് ബൽത്തങ്ങാടി ചർച്ച് റോഡിലുള്ള സിവിസി ഹാളിൽ നടക്കും. സെന്റർ മിനിസ്റ്റർ പാസ്റ്റർ ഒ.റ്റി.തോമസ് അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ സഭയുടെ സംസ്ഥാന ഉപാദ്ധ്യക്ഷൻ പാസ്റ്റർ ജോസ് മാത്യു മുഖ്യസന്ദേശം നൽകും. പുതിയ സഭാഹാളിന്റെ ശിലാസ്ഥാപന കർമ്മം പാസ്റ്റർമാരായ ഒ.റ്റി.തോമസ്, ജോസ് മാത്യു എന്നിവർ ചേർന്ന് നിർവഹിക്കും. ബ്രദർ ജോയി പാപ്പച്ചൻ, ബ്രദർ സി.ഒ.സാമുവേൽ തുടങ്ങിയവർ പങ്കെടുക്കും. പാസ്റ്റർമാരായ സാജൻ സഖറിയ, എബി തോമസ് എന്നിവർ നേതൃത്വം നൽകും. ഫോൺ: 9482060895.

# ചർച്ച് ഓഫ് ഗോഡ് റീജിയൻ: വിരമിച്ച പാസ്റ്റർമാർക്കും വിധവമാർക്കും പെൻഷൻ പദ്ധതി ഉദ്ഘാടനം ചെയ്തു.

**പാക്കിൽ:** ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയണിലെ വിരമിച്ച ശുശ്രൂഷകർക്കും വിധവമാരായ ദൈവദാസിമാർക്കും പെൻഷൻ പദ്ധതി ഓവർസിയർ പാസ്റ്റർ സണ്ണിക്കുട്ടി കെ.സി. ഉദ്ഘാടനം ചെയ്തു. മെയ് നാലിനു ചർച്ച് ഓഫ് ഗോഡ് സ്റ്റേഡിയം ചർച്ചിലായിരുന്നു സമ്മേളനം. പാസ്റ്റർ സണ്ണി താഴാംപള്ളം, കെ.എൻ. റസ്സൽ എന്നിവർ അതിഥികളായിരുന്നു. പാസ്റ്റർ ലാലു തോമസ് സ്വാഗതം പറഞ്ഞു. പാസ്റ്റർമാരായ ജോമോൻ ജോസഫ്, കെ.ജെ. ജോസ്, മാത്യു ശാമുവേൽ, റോബി ജോർജ്ജ് എന്നിവർ ആശംസകൾ അറിയിച്ചു. എഡ്യൂ. ഡയറക്ടർ പാസ്റ്റർ എൻ.എ. തോമസുകുട്ടി അദ്ധ്യക്ഷനായിരുന്നു. ചാരിറ്റി ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിലായിരുന്നു പദ്ധതി തയ്യാറാക്കിയത്. കേരളത്തിലെ പെന്തെക്കോസ്തു പ്രസ്ഥാനങ്ങളിൽ ഇദംപ്രഥമമായി കേരളം റീജിയണിലാണ് ഇപ്രകാരം ഒരു പദ്ധതി നടപ്പിലാക്കിയതെന്നു ഒവർസിയർ പ്രസ്താവിച്ചു.

കവിത

# രക്ഷ.....ഷകെ

ഓർക്കുക മർത്യാ നിൻ ജീവകാലം
വ്യർത്ഥമീ ഭൂവിതിൽ നാൽ വിരൽ മാത്രം
ലോകപ്രതാപങ്ങളേറെയുണ്ടെങ്കിലും
കർത്തനില്ലാ ജീവിതം വ്യർത്ഥമല്ലേ?

തമ്മിലടിച്ചും കൊള്ളയടിച്ചും വെട്ടിപ്പിടി-
ച്ചതാം നിൻ ലോക മാനങ്ങൾ
രാത്രി തൻ യാമത്തിൽ ജീവൻ പൊലിഞ്ഞാ-
ലാരനുഭവിച്ചീടും ഓർക്കുക മൂഢാ നീ.

ഉറ്റവർ സ്നേഹിതർ കൂടെ മരിച്ചീടാമെന്നുര ചൊല്ലീടും
നാറ്റം വമിക്കുമ്പോൾ ദൂരെ കളഞ്ഞീടും
ചേറ്റിൽക്കിടന്നതാമെന്നെയും നിന്നെയും
പന്തീലിരുത്തീടും കർത്തനാമേശുവെ

ഹൃത്തിൽ സ്വഷ്ടിക്ക കൂപ്പുകൈകളോടെ
ദൈവമയച്ചീടും പ്രവാചകശബ്ദത്തെ
കേട്ടനുസരിക്കാതെ നടന്നാലീ-
കല്ലുകളാർത്തിടും നിന്നുടെ പേർക്കായ്

നീയുമൊരു പാപിയെന്ന്
അന്ത്യവിധിനാളിൽ ദൈവവും കൈവിടും
അഗാധ ഗർത്തമാം തീ പൊയ്കയിൽ
ദൈവവചനമാമപ്പത്തെ ഭക്ഷിച്ചു നീ
ഓടി ഒളിക്കുക രക്ഷകൻ മാർവ്വതിൽ.

അമ്മിണി ജോൺ, വാകത്താനം






# സിവിൽ സർവ്വീസ്
## മോഡൽ പരീക്ഷയിൽ രണ്ടാം റാങ്ക്



**കൊട്ടാരക്കര:** ഇന്ത്യയിലെ പ്രഥമ സിവിൽ സർവ്വീസ് മോഡൽ പരീക്ഷയായ 'റേസ് ടു ഐഎഎസ്'ൽ രണ്ടാം റാങ്ക് ഐപിസി വിലങ്ങറ അടൂർമുക്ക് രഹബോത്ത് സഭാംഗം സ്നേഹ എസ്. സജി എന്ന പത്താം ക്ലാസ്സ് വിദ്യാർത്ഥിനി നേടി. മുൻ ചീഫ് സെക്രട്ടറി ശ്രീ. സി.പി. നായർ, മുൻ ഡിജിപി ഡോ. അലക്സാണ്ടർ ജേക്കബ്, മുൻ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീമതി ലിഡ ജേക്കബ് എന്നിവർ ചേർന്ന് അവാർഡും ക്യാഷ് ചെക്കും സമ്മാനിച്ചു. ഇതോടുകൂടെ പ്രഗത്ഭരായ റിട്ട. സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെയും പരിശീലകരുടേയും മാർഗോപദേശത്തിൽ സൗജന്യ സിവിൽ സർവ്വീസ് പരിശീലനത്തിനുള്ള അവസരവും നേടിയിരിക്കുകയാണ് സ്നേഹ. സിവിൽ സർവ്വീസ് പരീക്ഷയുടെ മാതൃകയിൽ പ്രിലിമിനറി, മെയിൻ, പേഴ്സനാലിറ്റി ടെസ്റ്റ്, ഇന്റർവ്യൂ എന്നിങ്ങനെ നടന്ന പരീക്ഷയിൽ ആകെ 6500 വിദ്യാർത്ഥികൾ പങ്കെടുത്തിരുന്നു.

സണ്ടേസ്കൂൾ, പിവൈപിഎ എന്നിവയിൽ സജീവമായ സ്നേഹ പിസിഎം പരീക്ഷയിലും, എസ്സ് ജനറൽ നോളജ് പരീക്ഷയിലും ഒന്നാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. കൊട്ടാരക്കര നെല്ലിക്കുന്നം കാർമൽ റെസിഡൻഷ്യൽ സ്കൂൾ വിദ്യാർഥിനി വിലങ്ങറ പാലവിള വടക്കേതിൽ സജി ജോർജ്ജ് - സോഫി ദമ്പതികളുടെ മകളാണ്. ഏക സഹോദരി ഷെറിൻ.

ഐപിസി പിടവൂർ സഭാംഗം ആശിഷ് ചെറിയാൻ സിവിൽ സർവ്വീസ് റാങ്ക് നേടിയതിന്റെ തൊട്ടു പിന്നാലെയാണ് പെന്തെക്കോസ്ത് സമൂഹത്തിന് സ്നേഹയുടെ നേട്ടം. മാർ ബസേലിയോസ് കോളേജ് വൈസ്പ്രിൻസിപ്പൽ ഡോ. വിശ്വനാഥ് റാവു, ബഥനി കോളേജ് ഡയറക്ടർ ഫാ. തോമസ് ജോർജ്ജ്, തിരുവനന്തപുരം മോഡൽ പബ്ലിക് സ്കൂൾ പ്രിൻസിപ്പൽ ശ്രീമതി ടെൽസി ജോസഫ്, ഡോ. അരുൺ ശശി എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു അവാർഡ് ദാനം.

# പുതുതലമുറ പ്രലോഭനങ്ങളിൽ പതറരുത്: പാസ്റ്റർ വർഗ്ഗീസ് മത്തായി

**കോട്ടയം:** പ്രലോഭനങ്ങളും അനുകൂല സാഹചര്യങ്ങളും ഉണ്ടാകുമ്പോൾ പതറാതെ നിൽക്കാനുള്ള കരുത്ത് പരിശുദ്ധാത്മാവിലൂടെ പുതുതലമുറ പ്രാപിക്കണമെന്ന് ഐപിസി സണ്ടേസ്കൂൾ മുൻ ജനറൽ ഡയറക്ടർ പാസ്റ്റർ വർഗ്ഗീസ് മത്തായി പറഞ്ഞു. ഐപിസി സണ്ടേസ്കൂൾസ് അസോസിയേഷൻ ബിരുദദാനശുശ്രൂഷയിൽ മുഖ്യാതിഥിയായി പങ്കെടുത്ത് പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. വിശുദ്ധിയോടെ ജീവിച്ചാൽ ലോകം നമ്മുടെ മുൻപിൽ മുട്ടുമടക്കുമെന്നു രാജഭരണത്തിൽ ഉന്നത സ്ഥാനത്ത് എത്തിയ ദാനിയേലിന്റെ ജീവിതത്തിലൂടെ കാണാൻ കഴിയുമെന്ന് പാസ്റ്റർ വർഗ്ഗീസ് മത്തായി പറഞ്ഞു.

സണ്ടേസ്കൂൾ ഡയറക്ടർ കുര്യൻ ജോസഫ് അധ്യക്ഷത വഹിച്ചു. സണ്ടേസ്കൂൾ മുൻകാല പ്രവർത്തകരായ പാസ്റ്റർമാരായ ഇ.എ. മോസസ്, പ്രൊഫ. ടി.സി. കോശി, എ.റ്റി. ജോർജ്ജ്, കെ.എം. കുര്യൻ എന്നിവരെ ആദരിച്ചു. 15-ാം ക്ലാസ്സ് പൂർത്തിയാക്കിയ 85 വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകി. ഐപിസി സ്റ്റേറ്റ് ട്രഷറാർ ജോയി താനുവേലിൽ, സണ്ടേസ്കൂൾ ജനറൽ സെക്രട്ടറി പാസ്റ്റർ ജോസ് തോമസ് ജേക്കബ്, ഡപ്യൂട്ടി ഡയറക്ടർമാരായ സാം വർഗ്ഗീസ്, തോമസ് മാത്യു ചാരുവേലി, ജെയിംസ് ഏബ്രഹാം, അസോസിയേറ്റ് സെക്രട്ടറിമാരായ സി.ടി. ജോൺ, ജോജി ഐപ്പ് മാത്യൂസ്, കമ്മറ്റി അംഗങ്ങളായ പി.എം. ഫിലിപ്പ്, ഫിന്നി പി. മാത്യു, പി.വി. ഉമ്മൻ, ടി.എ. തോമസ്, തോമസ് ജോർജ്ജ്, റോയി ആന്റണി, പി.പി. ജോൺ തുടങ്ങിയവർ പ്രസംഗിച്ചു.

### കൊട്ടാരക്കര സെന്റർ കൺവൻഷൻ

**കൊട്ടാരക്കര:** ഐപിസി കൊട്ടാരക്കര സെന്റർ കൺവൻഷൻ നവംബർ 20-24 വരെ പുലമൺ ബേർശേബാ ഗ്രൗണ്ടിൽ നടക്കും. പാസ്റ്റർ ഡാനിയേൽ ജോർജ്ജ് ഉദ്ഘാടനം ചെയ്യും.

## നിത്യതയിൽ



**തിരുവല്ല:** കറുകച്ചാൽ മാണികുളം ദി പെന്തെക്കോസ്ത് മിഷൻ സഭാ ശുശ്രൂഷകൻ എസ്. ദാനിയേൽ (37) ജൂലൈ 5ന് കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം 7ന് തിരുവല്ല ദി പെന്തെക്കോസ്ത് മിഷൻ ആരാധനാലയത്തിലെ ശുശ്രൂഷയ്ക്ക് ശേഷം കറ്റോട് സെമിത്തേരിയിൽ നടത്തി.

# 21 ദിന ഉപവാസപ്രാർത്ഥന

**വയനാട്:** സുൽത്താൻ ബത്തേരി ഗോഡ്സ് ഗാർഡൻ ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 26 മുതൽ സെപ്റ്റംബർ 15 വരെ 21 ദിവസത്തെ ഉപവാസപ്രാർത്ഥന ബത്തേരി ചുങ്കം ബെഥേൽ അസംബ്ലി ചർച്ച് ഹാളിൽ നടക്കും.

പാസ്റ്റർമാരായ ഡോ. എം.എ.വർഗീസ് (ബാംഗ്ലൂർ), ഏബ്രഹാം വർഗീസ് (ബാംഗ്ലൂർ), ചെയ്സ് ജോസഫ് (കൊല്ലം), ഉണ്ണി (കൊച്ചി), വിനോദ് ബാലകൃഷ്ണൻ (കോട്ടയം), ശരത് (ബാംഗ്ലൂർ), മഹേഷ് (കായംകുളം), ഷിബു ഐപ്പ് (നിരണം) തുടങ്ങിയവർ ശുശ്രൂഷിക്കുന്നു. പാസ്റ്റർ ജോഖീം കോര നേതൃത്വം നൽകുന്നു. ഫോൺ: 9496341544, 8289901535.

# പാസ്റ്റർ സാമുവേൽ ജോണിന് പുരസ്കാരം

**ന്യൂയോർക്ക്:** ഐപിസി ഗ്ലോബൽ മീഡിയ അസോസിയേഷൻ വടക്കേ അമേരിക്കൻ റീജിയണിന്റെ രണ്ടാമതു സമ്മേളനം ഒർലാന്റോയിൽ നടക്കും. 17-ാമതു ഐപിസി ഫാമിലി കോൺഫ്രൻസിനോടനുബന്ധിച്ച് ജൂലൈ 26ന് ഡബിൾ ട്രീ ഹിൽട്ടൻ ഹോട്ടലിൽ നടന്ന സമ്മേളനത്തിൽ ഐപിസി ഗ്ലോബൽ മീഡിയ അസോസിയേഷന്റെ പ്രഥമ വിശിഷ്ട സേവന പുരസ്കാരം പാസ്റ്റർ സാമുവേൽ ജോണിനു നൽകി.

കാൽ നൂറ്റാണ്ടായി ക്രൈസ്തവ സാഹിത്യ മാധ്യമ ഭാഗങ്ങളിലും ഗ്രന്ഥരചനയിലും സഭാപ്രവർത്തനങ്ങളിലും താൻ നൽകിയിട്ടുള്ള സ്തുത്യർഹമായ സമഗ്ര സംഭാവനകളെ മാനിച്ചാണ് പുരസ്കാരം.

വചനപ്രഭാഷകൻ, വേദാധ്യാപകൻ, സഭാശുശ്രൂഷകൻ, ഐപിസി നോർത്തേൺ റീജിയൻ പ്രസിഡന്റ് തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു വരുന്ന പാസ്റ്റർ സാമുവേൽ ജോൺ അമേരിക്കയിലെ ആദ്യ മലയാളി പെന്തെക്കോസ്ത് സഭയായ ന്യൂയോർക്ക് ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി സഭയുടെ മുൻ ശുശ്രൂഷകനാണ്.

സൗമ്യവും ലളിതവുമായ ജീവിതശൈലിക്ക് ഉടമയായ താൻ ലളിതമായ ഭാഷയിൽ തന്റെ സാഹിത്യരചനകൾ വായനക്കാർക്കു വിരസത ഉണ്ടാക്കാതെ, വേദപുസ്തക ഉപദേശങ്ങളെ വചനാടിസ്ഥാനത്തിൽ ഉറപ്പിക്കുന്നു. ജീവകാരുണ്യ സുവിശേഷപ്രവർത്തനങ്ങളിൽ മികച്ച സംഭാവനകൾ നൽകിയിട്ടുണ്ട്. ഭാര്യ: സുജ. മക്കൾ: ഷോൺ, ഷാരൻ, ഷെൽബി.

# അടുത്ത മലയാളി പെന്തെക്കോസ്ത് കോൺഫ്രൻസ് പെൻസിൽവേനിയയിൽ

**മയാമി:** 38-ാമതു മലയാളി പെന്തെക്കോസ്ത് കോൺഫ്രൻസ് 2020 ജൂലൈ 2-5 വരെ പെൻസിൽവേനിയയിലെ ലാങ്കാസ്റ്റർ കൗണ്ടി കൺവൻഷൻ സെന്ററിൽ നടക്കും. പാസ്റ്റർ റോബി മാത്യു (നാഷണൽ കൺവീനർ), സാമുവേൽ യോഹന്നാൻ (നാഷണൽ സെക്രട്ടറി), വിൽസൻ തരകൻ (നാഷണൽ ട്രഷറാർ), ഫിന്നി ഫിലിപ്പ് (യൂത്ത് കോർഡിനേറ്റർ), എന്നിവർ ഭാരവാഹികളായിരിക്കും.

ഫിലദൽഫിയ ഇമ്മാനവേൽ ഐപിസി സീനിയർ പാസ്റ്ററാണ് നാഷണൽ കൺവീനർ പാസ്റ്റർ റോബി മാത്യു. നോർത്ത് പോയിന്റ് ബൈബിൾ കോളജിൽ നിന്ന് പാസ്റ്ററൽ സ്റ്റഡീസിൽ ബിരുദം നേടി. പെൻസിൽവേനിയയിലെ പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ കോർഡിനേറ്ററായ ഇദ്ദേഹം 2008-ൽ ഐപിസി ഫാമിലി കോൺഫ്രൻസിന്റെ ദേശീയ യൂത്ത് കോർഡിനേറ്ററായിരുന്നു.

നാഷണൽ സെക്രട്ടറി സാമുവേൽ യോഹന്നാൻ കോട്ടയം ഐപിസി തിയോളജിക്കൽ സെമിനാരി നേതൃത്വം നൽകുന്ന ഐപിസി എഡ്യുക്കേഷണൽ ആൻഡ് വെൽഫെയർ സൊസൈറ്റിയുടെ ജനറൽ ട്രഷററാണ്. ഐപിസി ഫാമിലി കോൺഫ്രൻസ് ദേശീയ ട്രഷറർ, ലോക്കൽ കോർഡിനേറ്റർ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇൻഫർമേഷൻ ടെക്നോളജി ഡയറക്ടറും ന്യൂയോർക്ക് ഐപിസി റോക്ക്ലാന്റ് അസംബ്ലി സഭാംഗമാണ്.




2019
AUGUST
VOL. 4, ISSUE-8
Posted at RMS CHANGANACHERY

CHRISTIAN FOCUS MONTHLY
Karukachal P.O., Kottayam Dist., Kerala-686 540
Phone: 0481 2488449, 09562247565, 08606695830
Annual subscription ₹ 120/- only

P.B. NO: 10
KARUKACHAL P.O.
KOTTAYAM, KERALA
PIN : 686 540
E-mail: christianfocusira@gmail.com





# തെറ്റായ അറസ്റ്റ്: ക്രിസ്ത്യൻ തെരുവ് പ്രസംഗകന് നഷ്ടപരിഹാരം നൽകി

**ലണ്ടൻ:** തെരുവോരങ്ങളിൽ ലളിതമായ രീതിയിൽ ബൈബിൾ വാക്യങ്ങൾ ഉദ്ധരിച്ച് പ്രസംഗിക്കുന്ന ഒലുവോൾ ഇലെസാൻമി (64) എന്ന ക്രിസ്ത്യൻ പ്രസംഗകന് 2500 പൗണ്ട് (ഏകദേശം 3000 ഡോളർ) നഷ്ടപരിഹാരം. അദ്ദേഹത്തെ തെറ്റായി അറസ്റ്റ് ചെയ്തെന്നു കണ്ടെത്തിയ മെട്രോപോളിറ്റൻ പോലീസ് ആസ്ഥാനമായ ന്യൂ സ്കോട്ട്ലൻഡ് യാർഡ് ആണ് തെരുവ് പ്രസംഗകന് നഷ്ടപരിഹാരം നൽകാൻ തീരുമാനിച്ചത്. കഴിഞ്ഞ ഫെബ്രുവരി 23-നാണു സംഭവം. നോർത്ത് ലണ്ടനിലെ സൗത്ത് ഗേറ്റ് ട്യൂബ് സ്റ്റേഷനു പുറത്ത് പ്രസംഗിക്കുമ്പോൾ, ഇസ്ലാം വിരുദ്ധ (Islamophobia) പ്രസംഗമാണ് ഒലുവോൾ നടത്തുന്നത് എന്നാരോപിച്ച് ഒരു വഴിയാത്രക്കാരൻ ഫോൺ ചെയ്ത് അറിയിച്ചതനുസരിച്ച് മെട്രോപോളിറ്റൻ പോലീസ് എത്തി പ്രസംഗം നിർത്തണമെന്നും കേൾക്കാൻ ആരും ഇഷ്ടപ്പെടുന്നില്ലെന്നും ഈ സ്ഥലത്തുനിന്നും പോകണമെന്നും ആവശ്യപ്പെട്ടു. തന്റെ ബൈബിൾ എടുത്ത് കളയരുത് എന്നപേക്ഷിച്ചുകൊണ്ട് ചേർത്തു പിടിച്ച് പോലീസ് നടപടിയോടു പ്രതിഷേധിച്ചെങ്കിലും വംശീയവാദിയാകുന്നതിനു മുമ്പ് അതിനെക്കുറിച്ചു ചിന്തിച്ചിരിക്കണമെന്നു പറഞ്ഞുകൊണ്ട് പോലീസ് ബൈബിൾ പിടിച്ചുവാങ്ങുകയും അദ്ദേഹത്തിന്റെ ഇരുകൈകളും ബലംപ്രയോഗിച്ച് പിന്നിലേക്കു തിരിച്ച് വിലങ്ങ് വയ്ക്കുകുയുമായിരുന്നു. ഇസ്ലാമിക വിശ്വാസത്തോട് വിയോജിപ്പ് ഉണ്ടെങ്കിലും വിവേചനം കാട്ടിയിട്ടില്ലെന്നും ഒരു ക്രിസ്ത്യൻ എന്ന നിലയിൽ തന്റെ നിലപാട് വ്യക്തമാക്കുകയാണ് ചെയ്തതെന്നും ഒലുവേൾ പോലീസിനോടു പറഞ്ഞു. അദ്ദേഹത്തെ അറസ്റ്റ് ചെയ്യുന്നതിന്റെ വിഡിയോ ലോകമെമ്പാടുമുള്ളവർ മൂന്നു ദശലക്ഷത്തോളം തവണ ഓൺലൈനിൽ കണ്ടു. ഒലുവോളിനെ അറസ്റ്റു ചെയ്ത് പോലീസ് വാഹനത്തിൽ കയറ്റി മൈലുകൾക്കപ്പുറം ഇറക്കിവിടുകയായിരുന്നു. നൈജീരിയയിൽ നിന്നും പ്രൊട്ടസ്റ്റന്റ് മിഷനറിയായി 2010-ലാണു മുൻ ദന്തരോഗ വിദഗ്ദ്ധൻ കൂടിയായ ഒലുവോൾ ലണ്ടനിൽ എത്തുന്നത്. അപമാനകരവും ദു:ഖകരവുമായ അറസ്റ്റ്, മാനസിക ആഘാതം എന്നിവ പരിഗണിച്ചാണ് പോലീസ് നഷ്ടപരിഹാരം നൽകിയത്.എല്ലാവരുടെയും സംസാര സ്വാതന്ത്ര്യ അവകാശത്തെ ബഹുമാനിക്കയും ഉയർത്തിപ്പിടിക്കയും ചെയ്യുന്നുവെന്നും ഏത് മത പശ്ചാത്തലങ്ങളിലുമുള്ള തെരുവ് പ്രസംഗകരും ഇതിൽ ഉൾപ്പെടുന്നുവെന്നും പോലീസ് വ്യക്തമാക്കി. എന്നാൽ ആരെങ്കിലും ഉപയോഗിക്കുന്ന ഭാഷ വിദ്വേഷകരമായ കുറ്റകൃത്യമാണെന്നു ബോധ്യമായാൽ അന്വേഷിക്കുമെന്നും പോലീസ് പറഞ്ഞു. 'ഞാൻ യു.കെയിൽ വന്നപ്പോൾ അത് ഒരു സ്വതന്ത്ര ക്രിസ്ത്യൻ രാജ്യമായിരുന്നു. എന്നാൽ എന്നെപ്പോലുള്ള പ്രസംഗകർ സത്യം സംസാരിച്ചതിന് ഇപ്പോൾ അറസ്റ്റിലാകുന്നു. ക്രിസ്ത്യാനികളും സംസാര സ്വതന്ത്ര്യവും സംരക്ഷിക്കപ്പെടണം. സർക്കാരും പോലീസും അത് ഉറപ്പാക്കണം. ബൈബിളിൽ നിന്നു പ്രസംഗിച്ചതിനു തന്നെ അറസ്റ്റു ചെയ്തത് ശരിയല്ലെന്നു പോലീസ് തിരിച്ചറിഞ്ഞതിൽ സന്തോഷമുണ്ടെന്നും സൗത്ത് ഗേറ്റിലേക്കു മടങ്ങി വന്ന് സുവിശേഷം പ്രസംഗിക്കാൻ ആഗ്രഹിക്കന്നുവെന്നും ഒലുവോൾ പിന്നീടു പറഞ്ഞു'. തെരുവ് പ്രസംഗകർക്ക് കൂടുതൽ സംരക്ഷണം ആവശ്യപ്പെട്ട് ഒലുവോൾ ഇലെസാൻമിയുടെ കേസ് ഏറ്റെടുത്ത ക്രിസ്ത്യൻ ലീഗൽ സെന്റർ ചീഫ് എക്സിക്യട്ടീവ് ആൻഡ്രിയ വില്യംസും ഒലുവോളും ചേർന്ന് 38000 പേർ ഒപ്പിട്ട നിവേദനം ജൂലൈ 30-നു ആഭ്യന്തര കാര്യാലയത്തിലും മെട്രോപോളിറ്റൻ പോലീസ് മേധാവിക്കും നൽകി.




# അമേരിക്കയിലെ വിദ്യാലയങ്ങളുടെ ചുവരുകളിൽ 'ഇൻ ഗോഡ് വി ട്രസ്റ്റ്' എന്നെഴുതാൻ നിർദ്ദേശം

**യ.എസ്:** പുതിയ അദ്ധ്യയന വർഷത്തിൽ (2019-'20) പബ്ലിക് സ്കൂളുകൾ ദേശീയ മുദ്രാവാക്യമായി 'ഇൻ ഗോഡ് വി ട്രസ്റ്റ്' പ്രദർശിപ്പിക്കണമെന്ന തീരുമാനവുമായി അമേരിക്കൻ സംസ്ഥാനമായ സൗത്ത് ഡകോട്ട. രാജ്യ സ്നേഹത്തിന് പ്രചോദനം നൽകുകയെന്നതാണ് പുതിയ നിയമത്തിന്റെ പിന്നിലെ ഉദ്ദേശമെന്ന് മാർച്ചിൽ ഗവൺമെന്റ് ക്രിസ്റ്റി നോം ഒപ്പിട്ട ബിൽ അവതരിപ്പിച്ച നിയമ നിർമ്മാതാക്കൾ പറയുമ്പോൾ തന്നെ വളർന്നു വരുന്ന പുതുതലമുറയിൽ ആത്മീയതയും ദൈവാശ്രയവും ഉളവാക്കുക എന്നതാണ് ആത്യന്തിക ലക്ഷ്യം. സൗത്ത് ഡകോട്ട സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ ഇനി മുതൽ ദേശീയ ആപ്തവാക്യമായി 'ഞങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നു' എന്ന വാചകം പ്രദർശിപ്പിക്കും. ഇക്കഴിഞ്ഞ ജൂലൈ മാസത്തിൽ പ്രാബല്യത്തിൽ വന്ന ഈ പുതിയ നിയമ നിർദ്ദേശമനുസരിച്ച് സംസ്ഥാനത്തെ 149 ജില്ലകളിലെ എല്ലാ പൊതു വിദ്യാലയങ്ങളും ഈ മുദ്രാവാക്യം 12 ഇഞ്ച് തുല്യ വലിപ്പത്തിലുള്ള ഫോണ്ടിൽ പെയ്ന്റ് ചയ്യുകയോ അല്ലെങ്കിൽ എല്ലാവർക്കും ദൃശ്യമാകുന്ന വിധത്തിൽ സ്റ്റെൻസിൽ സ്ഥാപിക്കുകയോ വേണം. പ്രധാന പ്രവേശന കവാടം, കെഫ്റ്റേരിയ, മറ്റു പ്രധാന സ്ഥലങ്ങൾ എന്നിവിടങ്ങളിലൊക്കെ ഈ വാചകം പ്രദർശിപ്പിക്കണം. പുതിയ നിയമം നടപ്പാക്കി തുടങ്ങിയിട്ടുണ്ടെന്നു അസോസിയേറ്റഡ് സ്ക്കൂൾ ബോർഡ്സ് ഓഫ് സൗത്ത് ഡകോട്ട എക്സിക്യൂട്ടീവ് ഡയറക്ടർ വേഡ് പൊഗാനി പറഞ്ഞു. റാപ്പിഡ് സിറ്റി ഏരിയയിൽ 23 പൊതു സ്ക്കൂളുകളിൽ ഇതിനകം ഈ ആപ്തവാക്യം രേഖപ്പെടുത്തിയിട്ടുണ്ട്. യുഎസ് ട്രഷറി ഡിപ്പാർട്ട്മെന്റ് പറയുന്നതിനനുസരിച്ച് 1864-ൽ ആദ്യമായി അമേരിക്കൻ നാണയങ്ങളിൽ മുദ്രണം ചെയ്തു വന്ന ഈ ആപ്തവാക്യം (In God we trust)1956-ൽ പ്രസിഡന്റ് ഡ്വൈറ്റ് ഡി. ഐസനേവർ ഇത് ഔദ്യോഗിക മുദ്രാവാക്യമായി അംഗീകരിക്കുകയും തുടർന്ന് അമേരിക്കൻ കറൻസികളിൽ ആലേഖനം ചെയ്തു തുടങ്ങുകയുമായിരുന്നു. പുതിയ നിയമ നിർദ്ദേശത്തോട് 'ഫ്രീഡം ഫ്രം റിലീജിയൻ ഫൗണ്ടേഷൻ' എന്ന സംഘടന എതിർപ്പ് പ്രകടിപ്പിക്കുന്നുണ്ട്. വിസ്കോൺസിൻ മഡിസൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ സംഘടന യുഎസ് കറൻസിയിൽ ഈ ആപ്തവാക്യം ആലേഖനം ചെയ്യുന്നതിനെതിരെ നിയമപരമായി ചോദ്യം ചെയ്തിരുന്നു. ഇപ്പോൾ ഈ മുദ്രാവാക്യത്തിലൂടെ സ്ക്കൂൾകട്ടികൾക്ക് ദൈവീക സന്ദേശം നൽകുന്നത് മന:സാക്ഷിയുടെ സ്വാതന്ത്ര്യത്തിന്റെ ഭയാനകമായ ലംഘനമെന്നാണ് സംഘടനയുടെ കോ-പ്രസിഡന്റ് ആനി ലോറി ഗെയ്ലർ പറഞ്ഞത്.



# എ.ജി. ഈസ്റ്റേൺ റീജിയൻ കൺവൻഷൻ

**ന്യൂയോർക്ക്:** അസംബ്ലീസ് ഓഫ് ഗോഡ് ഈസ്റ്റേൺ റീജിയൻ ത്രിദിന വാർഷിക കൺവൻഷൻ ന്യൂയോർക്കിൽ സെന്റ് ജോൺസ് യൂണിവേഴ്സിറ്റി ക്യാമ്പസിൽ നടന്നു. പ്രസിഡന്റ് വിത്സൺ ജോസ് ഉദ്ഘാടനം ചെയ്ത കൺവൻഷപിൽ റവ. ടി.എ.വർഗീസ്, റവ.ഡോ. പി. എസ്.ഫിലിപ്, എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ (ഹാലേലൂയ്യ ചീഫ് എഡിറ്റർ), ക്രൈസ്തവ ചിന്ത പത്രാധിപൻ കെ.എൻ.റസ്സൽ എന്നിവർ ആശംസകളറിയിച്ചു. യുവജനങ്ങളെ പ്രതിനിധീകരിച്ച് ജെയ്സ്ൺ ദാനിയേൽ, ജോബി എന്നിവർ പ്രസംഗിച്ചു. സംയുക്ത ആരാധനയിൽ റവ. വിത്സൻ ജോസ് കർതൃമേശ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. റീജിയന്റെ മറ്റു ഭാരവാഹികളായ പാസ്റ്റർ ജോൺകുട്ടി വർഗീസ് (വൈസ് പ്രസിഡന്റ്), തോമസ് പള്ളിൽ (സെക്രട്ടറി), ഷാജി ചെറിയാൻ (ട്രഷറർ), എന്നിവർ നേതൃത്വം നൽകി.

## പരീക്ഷകൾ നേരിടുമ്പോൾ......

5-ാം പേജിൽനിന്നും തുടർച്ച

വസ്തു നമ്മെ ആകർഷിക്കുക മാത്രമല്ല, അതു നമ്മെ ദു:ഖത്തിലേക്കും ശിക്ഷയിലേക്ക് നയിക്കുകയും ചെയ്യുന്നു. ഇതിന്റെ ആകർഷണത്വവും വശീകരണവും നമ്മെ ആശ്ചര്യപ്പെടുത്തുന്നതാണ്. യോർദ്ദാനിലെ നീരൊഴുക്കുള്ള പ്രദേശങ്ങളെ കണ്ടില്ലായിരുന്നവെങ്കിൽ ലോത്ത് ഒരിക്കലും സോദോമിലേയ്ക്ക് യാത്ര തിരിക്കില്ലായിരുന്നു (ഉല്പത്തി 13 : 10). ദാരുണമായ പാപത്തിന്റെ പരിണിതഫലങ്ങൾ ഓർത്തിരുന്നെങ്കിൽ-'ഒരു കുഞ്ഞിന്റെ മരണം" (ബത്ശേബയുടെ മകൻ), ധീരനായ ഒരു പടയാളിയുടെ കൊലപാതകം (ഊരിയാവ്)- ദാവീദ് ഒരിക്കലും ദുർന്നടപ്പ് എന്ന വശീകരണത്തിൽ അകപ്പെടില്ലായിരുന്നു. ഇങ്ങനെയുള്ള ആകർഷണിയതയും വശീകരണവും മറ്റും നമ്മെ പാപത്തിന്റെ പരിണിതഫലങ്ങളെ ഓർമ്മിപ്പിക്കുന്നതായിരിക്കണം.

പിശാച് യേശുവിനെ പരീക്ഷിച്ചപ്പോൾ, അവൻ തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ അതിനെ നേരിട്ടു. മൂന്നു തവണ യേശു പറഞ്ഞു "വചനത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു"യെന്ന്. കല്ല് അപ്പമാകുക എന്നത് വിശപ്പിന് തൃപ്തിയാകും എന്ന നിലയിൽ ശരിയെങ്കിലും ദൈവീക ചിന്തകളിൽ യേശുവിന്റെ സമീപനം മറ്റൊരു രീതിയിൽ ആയിരുന്നു. ദൈവവചനത്താൽ അവൻ പരീക്ഷയെ അതിജീവിച്ചു. (തുടരും...)

*Printed and published by Sabu M. Joseph on behalf of India Revival Assembly Trust. Printed at Mangalam Publications (India) Pvt.Ltd., S.H. Mount P.O., Kottayam-686006, Kerala*
*Published from IRA Head Office, Karukachal P.O., Kottayam Dist., Kerala-686 540. Editor: Varghese P. Joseph. Layout & Design: Press Graphix, Sulthan Bathery @ 9744686596*